# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഡൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM.27/2799/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 22/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഡൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM.27/2799/23 തീയ്യതി: 22/12/2023

## മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-03-2023 മുതൽ 06-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2023 | 16-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2023 | 16-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.റിഷിൽ . പി, ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈഷി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (07-12-2023 മുതൽ

08-12-2023, 15-12-2023 മുതൽ 16-12-23)

ശ്രീമതി ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സക്കീന കെ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റാബിയ ചോലക്കൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു.വി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 07-04-2022 |
| | | 15-06-2022 | 17-07-2022 |
| | | 30-08-2022 | 05-10-2022 |
| | | 11-02-2023 | 31-03-2023 |
| ശ്രീമതി. റോസി.സി | സെക്രട്ടറി | 08-04-2022 | 14-06-2022 |
| | | 18-07-2022 | 29-08-2022 |
| ശ്രീ.അബ്ദുൽ ബഷീർ കെ പി | സെക്രട്ടറി | 06-10-2022 | 10-02-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബു.പിടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 02-08-2022 |
| | | 01-03-2023 | 31-03-2023 |
| ശ്രീമതി. ഗാർഗി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 03-08-2022 | 28-02-2023 |
| ഡോ.സീമ പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.നഷീദ കരുവാട്ടി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 14-06-2022 | 31-03-2023 |
| ഡോ. മുഹമ്മദ് അൻവർ പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 13-05-2022 |
| ഡോ. കൃഷ്ണപ്രസാദ് ടി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 14-05-2022 | 23-12-2022 |
| ഡോ.ഷിജ എം കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 24-12-2022 | 31-03-2023 |
| ശ്രീമതി.ബസീലമോൾ.ബി.എ | വെറ്ററിനറി സർജൻ | 01-04-2022 | 12-04-2022 |
| ഡോ.ബിന്ദു ബി പിള്ളൈ | വെറ്ററിനറി സർജൻ | 13-04-2022 | 08-05-2022 |
| | | 30-05-2022 | 30-06-2022 |
| | | 29-01-2023 | 13-02-2023 |
| ഡോ.അജ്മൽ സി എച്ച് | വെറ്ററിനറി സർജൻ | 09-05-2022 | 29-05-2022 |
| ഡോ.ഇന്ദു കെ | വെറ്ററിനറി സർജൻ | 01-07-2022 | 28-01-2023 |
| ഡോ.അസ്ലിൻ മൈക്കിൾ | വെറ്ററിനറി സർജൻ | 14-02-2023 | 31-03-2023 |
| ശ്രീ.അബ്ദുൾ ലത്തീഫ് പി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഹസീന എം.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു.വി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.വൈശാഖൻ എം | കൃഷി ഓഫീസർ | 01-05-2022 | 30-09-2022 |
| | | 01-11-2022 | 07-02-2023 |
| ശ്രീ.ആതിര കെ വി | കൃഷി ഓഫീസർ | 08-02-2023 | 31-03-2023 |
| ശ്രീ.ശ്രീരാജ് ആർ | വി.ഇ.ഒ | 01-04-2022 | 30-08-2022 |
| ശ്രീ.സുരേന്ദ്രൻ കെ ടി | വി.ഇ.ഒ | 31-08-2022 | 31-03-2023 |
| ശ്രീ.ഫയ്യാസ് കെ | വി.ഇ.ഒ | 08-08-2022 | 31-03-2023 |
| ശ്രീ.അബ്ദുൾ ഷുക്കൂർ എം പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. വന്ദന.ബി.ജെ. | മെഡിക്കൽ ഓഫീസർ (ആയുവർവ്വേദം) | 01-04-2022 | 13-06-2022 |
| ശ്രീമതി സുഹാന തബസ്സും കെ | കൃഷി ഓഫീസർ | 01-04-2022 | 30-04-2022 |
| ശ്രീമതി സുഹാന തബസ്സും കെ | കൃഷി ഓഫീസർ | 01-10-2022 | 31-10-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | ചെലവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | തനത് വരുമാന സമാഹരണം-അവലോകനം | 1-11 |
| 16 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 17 | വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13 |
| 18 | വസ്തു നികുതി നിർണ്ണയം -അപാകതകൾ | 1-14 |
| 19 | വസ്തു നികുതി ചുമത്തിയത് - അപാകതകൾ | 1-14-1 |
| 20 | വസ്തു നികുതി - ടോയ്‌ലറ്റ് ഭാഗത്തിന് നികുതി നിർണ്ണയിച്ചില്ല | 1-14-2 |
| 21 | വസ്തു നികുതി നിർണ്ണയം അപാകതകൾ | 1-14-3 |
| 22 | വാർത്താവിനിമയ ഗോപുരങ്ങൾ -പെർമിറ്റ്/നമ്പറിംഗ് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 23 | ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു. | 1-16 |
| 24 | ജനകീയ ഹോട്ടൽ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 25 | വിവിധ പദ്ധതികൾ പ്രകാരമുള്ള മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു. | 1-18 |
| 26 | ഹരിതകർമ്മസേന -പ്രവർത്തനാവലോകനം | 1-19 |
| 27 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കൃഷി നടീൽ ഉൽപന്നങ്ങൾ വാങ്ങി | 1-20 |
| 28 | ടയർ ചട്ടി വിതരണം-അപാകതകൾ | 1-21 |
| 29 | നെൽ വിത്ത് വാങ്ങൽ - നടപടിക്രമം പാലിച്ചില്ല | 1-22 |
| 30 | ആശ്രയ ഭവന നിർമ്മാണം - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-23 |
| 31 | ബയോഡൈകംമ്പോസ്റ്റർ ബിൻ വിതരണം - അപാകതകൾ | 1-24 |
| 32 | ബഡ്സ് സ്കൂൾ കുട്ടികൾക്ക് യൂണിഫോം - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-25 |
| 33 | ഹരിതകർമ്മസേനക്ക് ശുചീകരണ ഉപകരണങ്ങളും അവശ്യസാധനങ്ങളും വാങ്ങൽ– അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 34 | ഹരിത കർമ്മസേന – വാഹന വാടക -അധികം നൽകി | 1-27 |
| 35 | ലൈഫ് ഭവന നിർമ്മാണം -പൊതു അപാകതകൾ | 1-28 |
| 36 | ഭവന പുനരുദ്ധാരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-29 |
| 37 | സ്പിൽ ഓവർ പ്രോജക്ട് - ഫണ്ട് വകമാറ്റി പദ്ധതി രൂപീകരിച്ചു; അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-30 |
| 38 | വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ - വിതരണ വിവരം ലഭ്യമായില്ല | 1-31 |
| 39 | കുടുംബശ്രീ തൊഴിൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-32 |
| 40 | Accepted PAC-യിൽ ലിമിറ്റ് ചെയ്യാതെ കരാറുകാരന് ബിൽ തുക നൽകിയത് സംബന്ധിച്ച് - കരാറുകാരന് അധികം നൽകിയത് 10,061 രൂപ | 1-33 |
| 41 | മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 24,495 രൂപ | 1-34 |

| | | |
|---|---|---|
| 42 | കിളിയമണ്ണിൽ കനാൽ നിർമ്മാണം- അപാകത – കരാറുകാരന് അധികം നൽകിയ തുക - 7312 രൂപ – പ്രവൃത്തിയിലുണ്ടായ അനാവശ്യ ചെലവ് 55032 രൂപ | 1-35 |
| 43 | കിളിയമണ്ണിൽ കനാൽ (രണ്ടാം ഘട്ടം) നിർമ്മാണം- ബെഡ് കോൺക്രീറ്റിംഗിന് അനാവശ്യ കനം നൽകി - പ്രവൃത്തിയിലുണ്ടായ അധികച്ചെലവ് - 48660 രൂപ | 1-36 |
| 44 | പുതിയ PHC കെട്ടിടത്തിന് സംരക്ഷണം -പ്രവൃത്തി അപാകത - കരാറുകാരന് അധികം നൽകിയത് 4484 രൂപ | 1-37 |
| 45 | മരാമത്ത് പ്രവൃത്തികളിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല -നഷ്ടം 43251 രൂപ | 1-38 |
| 46 | അൽപ്പറ്റകുളമ്പ് PKM School Toilet നിർമ്മാണം - റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി | 1-39 |
| 47 | എസ്.എസ്.കെ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-40 |
| 48 | പത്രപരസ്യം -15% ഡിസ്കൗണ്ട് ലഭ്യമായില്ല | 1-41 |
| 49 | പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-42 |
| 50 | ഇലക്ട്രിക്കൽ പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1- 43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | Accepted PAC-യിൽ ലിമിറ്റ് ചെയ്യാതെ കരാറുകാരന് ബിൽ തുക നൽകിയത് സംബന്ധിച്ച് - കരാറുകാരന് അധികം നൽകിയത് 10,061 രൂപ | 3-1 |
| 2 | മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 24,495 രൂപ | 3-2 |
| 3 | കിളിയമണ്ണിൽ കനാൽ നിർമ്മാണം- അപാകത – കരാറുകാരന് അധികം നൽകിയ തുക - 7312 രൂപ – പ്രവൃത്തിയിലുണ്ടായ അനാവശ്യ ചെലവ് 55032 രൂപ | 3-3 |
| 4 | പുതിയ PHC കെട്ടിടത്തിന് സംരക്ഷണം -പ്രവൃത്തി അപാകത - കരാറുകാരന് അധികം നൽകിയത് 4484 രൂപ | 3-4 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-06-2023 ലെ 11/1 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോഡൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം.
തീയതി: 22-12-2023

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62 (3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-3 ചെലവ് യഥാർത്ഥ ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല.

1.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി പ്രോജക്ട് നമ്പർ 38/23 പ്രകാരം 597712/-രൂപ KWAക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും ഇത് വാർഷിക കണക്കിൽ Deposit With KWA എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2.MGNREGA യുടെ ഭരണ ചെലവ് 766363/ -രൂപയാണ് (As Per MiS Report) . എന്നാൽ വാർഷികകണക്കിൽ I-14(F)പ്രകാരം ബുക്ക് ചെയ്തിട്ടുള്ളത് 10607927/-രൂപയാണ്.

3.MGNREGA യുടെ റവന്യൂ ചെലവ് 9841564/-രൂപയാണ്(As Per MIS Report) .ആയത് വാർഷികകണക്കിൽ I-14(C) 253100101 Total Poverty Alleviation എന്ന ഹെഡ്ഡിൽ ബുക്ക് ചെയ്തിട്ടില്ല.

4.വാർഷിക കണക്കിൽ B-11(b)പ്രകാരം Capital Work In Progress എന്ന ഹെഡ്ഡിൽ തുക ഇല്ല. എന്നാൽ തൻവർഷം പാർട്ട് ബിൽ കൊടുത്തതും ഫൈനൽ ബിൽ അനുവദിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | പാർട്ട് ബിൽ അനുവദിച്ചത് |
|---|---|---|
| 1 | ചെനക്കൽ പറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം57/23 | 630000 |

| | | |
|---|---|---|
| 2 | അറപക്കൽ ചിറ സംരക്ഷണം 239/23 | 528000 |
| 3 | പുലിയാട്ടുകുളം പാമ്പറമ്പ് റോഡ് നവീകരണം 127/23 | 396237 |
| 4 | 174/23 കാലമ്പറമ്പ് ഹെൽത്ത് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആയി ഉയർത്തുക | 173744 |

## 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (-3533397/-) ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം ആയി ചേർത്തിട്ടുള്ള തുകയും (13658415/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 2/1 തീയതി. 14.03.2022 | 1/23 തീയതി23.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,09,60,417 |
| വരവ് | 10,52,47,745 |
| ആകെ | 12,62,08,162 |
| ചെലവ് | 9,15,89,330 |
| നീക്കിയിരിപ്പ് | 34,618,832 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,98,88,000 | 1,98,88,000 | 1,76,44,362 | 22,43,638 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 22,81,508 | 22,81,508 | 22,80,000 | 1,508 |
| വികസനഫണ്ട് (റ്റി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,09,07,000 | 1,09,07,000 | 47,49,832 | 61,57,168 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 66,10,000 | 66,10,000 | 51,13,460 | 14,96,540 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 70,86,718 | 70,86,718 | 47,59,206 | 23,27,512 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 38,21,000 | 38,21,000 | 33,79,141 | 4,41,859 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 93035986 | 131 | 51789698 | 0 | 80 | 62 |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25 | 7,67,716 | 7,67,741 | 7,66,363 | 1,378 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 98,41,564 | 98,41,564 | 98,41,564 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1440 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 1409400 | 125 |
| വിധവാ പെൻഷൻ | 13223200 | 1199 |
| വാർദ്ധക്യകാല പെൻഷൻ | 25628800 | 2400 |
| വികലാംഗ പെൻഷൻ | 5345400 | 483 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 441000 | 40 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.23 ന് 02.50 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ആകെ കളക്ഷൻ തുക 12574/- രൂപയായിരുന്നു. കളക്ഷനേക്കാൾ 26/- രൂപ കൂടുതലായി കണ്ടു. ഡേബുക്കും കളക്ഷൻ തുകയും തമ്മിലുള്ള വ്യത്യാസം 26 /-രൂപ ചില്ലറയില്ലാത്തത് കാരണം കൊടുക്കാൻ ബാലൻസുള്ള തുകയാണെന്ന് വ്യക്തമാക്കി.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2022 | 12/2022 | 19.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.08.2017 | 2012-13 മുതൽ 2016-17വരെ | 23.10.2017 |

## 1-11 തനത് വരുമാന സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും തനത് വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണ സമിതിക്ക് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 16 മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.26-09-22,6-12-22 എന്നീ തീയ്യതികളിലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 26-7-22,13-01-23 ,21-2-23എന്നീ തീയ്യതികളിലെ യോഗത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനും അനധികൃത നിർമ്മാണങ്ങളെ കണ്ടെത്തുന്നതിനും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.എന്നാൽ തുടർനടപടി വിവരം ലഭ്യമല്ല. വസ്തുനികുതി ഇനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15)പ്രകാരം 174297/-രൂപ കുടിശ്ശിക കാണുന്നു.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ

നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കോഡൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല

3)പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ 1/1 /09-05-2023 നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ച് 20-09-2023ലെ A2-321/2022 പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുമുണ്ട്. നിലവിൽ സഞ്ചയയിൽ പുതുക്കിയ വസ്തുനികുതി നിരക്ക് കാലികമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള നികുതി പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്.

4). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം 1046 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമായിട്ടില്ല എന്നറിയിച്ചു. .കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ

ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണ്.നിലവിൽ ഗ്രാമപഞ്ചായത്ത് റേഷൻകടയിൽ നിന്നും ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ ഈടാക്കാന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

ലൈസൻസ് ഫീസ്

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി വ്യാപാര ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല, പകരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ആണ് ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. വ്യാപാര ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ 437 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വിനോദ നികുതി

ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 382093/-രൂപ വരവുണ്ട്.

മറ്റിനങ്ങൾ

ട്യൂട്ടോറിയൽ ,ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ്, എന്നീ ഇനങ്ങളിൽ തൻവർഷം 1000/-രൂപ വരവുണ്ട്. ട്യൂട്ടോറിയൽ ,ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവക്ക് ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലൈസൻസ് എടുക്കുന്ന വിവരം വ്യാപാര രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.ആയതിനാൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും , പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/15-12-23)മറുപടി ലഭ്യമായില്ല.ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റു നടപടികൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഡെപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ (1) | സാമ്പത്തിക വർഷം (2) | പ്രോജക്ട് നമ്പർ (3) | പ്രോജക്ട് (4) | ഏജൻസി (5) | മുൻകൂർ നൽകിയ തുക (6) | ഫണ്ട് ഇനം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | (8) |
| 1 | 2016-17 | 37/17 | മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതി | കേരളാ വാട്ടർ അതോറിറ്റി | 1600000 | Own Fund - 1600000 | 1600000 |
| 2 | | 38/17 | കാലംപറമ്പ് കുടിവെള്ള പദ്ധതിക്ക് വിഹിതം | കേരളാ വാട്ടർ അതോറിറ്റി | 1000000 | Development Fund(CFC Basic Grant ) - 1000000 | 1000000 |
| 3 | | 221/17 | കുടിവെള്ള പദ്ധതി പുനരുദ്ധാരണം | കേരളാ വാട്ടർ അതോറിറ്റി | 257000 | Development Fund(General) - 257000 | 257000 |
| 4 | 2019-20 | 128/20 | കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കലും, ദീർഘിപ്പിക്കലും (കെ ഡബ്ല്യു എ ഡെപ്പോസിറ്റ്) | കേരളാ വാട്ടർ അതോറിറ്റി | 400000 | Development Fund(General) - 400000 | 400000 |
| 5 | | 195/20 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (കെ ഡബ്ല്യു എ ഡെപ്പോസിറ്റ്) | കേരളാ വാട്ടർ അതോറിറ്റി | 600000 | Development Fund(CFC Basic Grant ) - 600000 | 600000 |
| 6 | | 234/20 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (കെ ഡബ്ല്യു എ ഡെപ്പോസിറ്റ്) മൂന്നാം ഘട്ടം | കേരളാ വാട്ടർ അതോറിറ്റി | 1000000 | Development Fund(CFC Basic Grant ) - 1000000 | 1000000 |
| 7 | | 262/20 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - കെ ഡബ്ല്യു എ ഡെപ്പോസിറ്റ് ( ചോലക്കൽ വലിയപറമ്പ് ഭാഗം) | കേരളാ വാട്ടർ അതോറിറ്റി | 18000 | Own Fund - 18000 | 18000 |
| 8 | | 267/20 | കോങ്കയം കുടിവെള്ള പദ്ധതിക്ക് പമ്പ് സെറ്റ് | കേരളാ വാട്ടർ അതോറിറ്റി | 600000 | Own Fund - 600000 | 600000 |
| 9 | 2020-21 | 188/21 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - കെ ഡബ്ല്യു എ ഡെപ്പോസിറ്റ് ( ചോലക്കൽ വലിയപറമ്പ് ഭാഗം) | കേരളാ വാട്ടർ അതോറിറ്റി | 110000 | Development Fund(CFC Basic Grant ) - 110000 | 110000 |
| 10 | | 189/21 | കോങ്കയം കുടിവെള്ള പദ്ധതിക്ക് പമ്പ് സെറ്റ് | കേരളാ വാട്ടർ അതോറിറ്റി | 400000 | Development Fund(Flood Relief General) - 400000 | 400000 |

മേൽ പ്രവൃത്തികളിലെ ഡിപ്പോസിറ്റ് ഉക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/ ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെങ്കിൽ ടി വിവരം ഉൾപ്പെടുത്തേണ്ടതാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യുന്നതാണ്. വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന

കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/07.12.2023)ലഭ്യമാക്കിയ രേഖകൾ പരിശോധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായവ ഒഴിവാക്കി ബാക്കി നിൽക്കുന്നവ ഖണ്ഡികയിൽ നിലനിർത്തുന്നു. മേൽ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല.

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും, ഡി&ഒ ലൈസൻസ് തുടങ്ങിയവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. കൂടുതൽ ആളുകൾ ജോലിക്കാരുള്ളതായി ഡി&ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നം | ജീവനക്കാരുടെ എണ്ണം | അപാകത |
|---|---|---|---|---|
| 1 | ചട്ടിപ്പറമ്പ് പെട്രോളിയം | C1-903/22-23/222 | 8 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2 | ഇവ ഡോർസ് | C1-1090/22-23/251 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 3 | കെ എം ഗോൾഡ്,ചോലക്കൽ | C1-1453/22-23/280 | 6 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 4 | സൺ ട്രേഡേഴ്സ്,ചേളൂർ | C1-2080/22-23/323 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 5 | സ്റ്റാർകോ ട്രേഡിംഗ്,ചട്ടിപ്പറമ്പ്. | C1-2343/22-23/335 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന |

| | | | | |
|---|---|---|---|---|
| | | | | തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 6 | Mycouch Sofa&interiors | C1-2847/22-23/368 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 7 | ഫ്രൈപാൻ കിച്ചൺ,മങ്ങാട്ടുപുലം | C1-5066/22-23/393 | 14 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 8 | ക്വാറി നടത്തുന്നതിന് | C1-1979/22-23/430 | 3 | 2022-23ൽ ക്വാറി ലൈസൻസ് എടുത്തിട്ടുണ്ട്. സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 9 | ഓറിസ് പോളിക്ലിനിക്ക് | C1-43/22-23/402 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 10 | സ്റ്റാർ സൂപ്പർമാർക്കറ്റ്,നൂറാടി | C1-5560/22-23/437 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 11 | ലെനോക്സ് | C1-975/22-23/23 | 4 | 2022-23ൽ വ്യാപാര |

| | | | | |
|---|---|---|---|---|
| | കോർപ്പറേഷൻ ,ചാഞ്ഞാൽ | | | ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 12 | പാന്തൊടി വുഡ് ഇൻഡസ്ട്രീയൽ ,താണിക്കൽ | C1-978/22-23/24 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 13 | ഓറിയന്റൽ ഡ്രഗ്സ്,വടക്കേമണ്ണ | C1-824/22-23/42 | 6 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 14 | എ എം മോട്ടോർസ്,വെസ്റ്റ് കോഡൂർ | C1-755/22-23/45 | 25 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 15 | മിസ്റ്റർ ടൈൽസ്, ചട്ടിപ്പറമ്പ് | C1-1142/22-23/52 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 16 | Hamton Ventures | C1-1219/22-23/77 | 6 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ |

| | | | | |
|---|---|---|---|---|
| | | | | ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 17 | ഔട്ട് ലുക്ക് ഫർണ്ണിച്ചർ ,വട്ടപ്പറമ്പ് | C1-1220/22-23/78 | 7 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 18 | സഫിയ പെട്രോ പാർക്ക്,പെട്രോൾപമ്പ് | C1-1042/22-23/101 | 5 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 19 | ലിയോമാക്സ്,താണിക്കൽ | C1-272/22-23/102 | 5 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 20 | ലിമർ ട്രേഡിംഗ് കമ്പനി,ചെമ്മങ്കടവ് | A4-1091/22-23/13 | 8 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 21 | ലിമർ ട്രേഡിംഗ് കമ്പനി,ചെമ്മങ്കടവ് | A4-329/22-23/146 | 15 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 22 | മലബാർ RCCപൈപ്പ് | A4-333/22-23/148 | 4 | 2022-23ൽ വ്യാപാര |

| | | | | |
|---|---|---|---|---|
| | | | | ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 23 | ഗ്രേസ് അഗ്രോസ് | C1-1920/22-23/160 | 4 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 24 | ന്യൂമോഡേൺ ഫർണ്ണിച്ചർ | C1-474/22-23/178 | 15 | 2022-23ൽ വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്.എന്നാൽ ടി സ്ഥാപനത്തിലെ ഒന്ന്,രണ്ട് അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |

മേൽ പരാമർശിച്ചത് പ്രകാരമുള്ള, കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും ജോലിക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ ആവശ്യപ്പെട്ട് വിവരങ്ങളുടെ കൃത്യത പരിശോധിച്ച് വരുമാനത്തിനനുസരിച്ചുള്ള 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204, 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാവുന്നതും സ്ഥാപനങ്ങൾ നിയമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താവുന്നതുമാണെന്നിരിക്കെ ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 25/15.12.2023 ന് തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകി.നികുതിഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണ്ണയം -അപാകതകൾ

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ഫയലുകൾ പരിശോധിച്ചതിൽ മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്.

| കെട്ടിട ഉടമ/സർവ്വെ നമ്പർ | കെട്ടിടനമ്പർ വിസ്തീർണ്ണം | അപാകത |
|---|---|---|
| സമീർ പി<br>വിനോദ് കെ<br>107/3C-23<br>A2-2063/20 /7-8-20 | 11/283AA-176.92ച മീ<br>11/283AB-<br>11/192ച മീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **5മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരം നികുതിയിൽ 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |

| | | |
|---|---|---|
| മുഹമ്മദ് ഉസ്മാൻ ,പരുത്തിക്കുന്നൻ<br>A2-BA(111510)/2021 /04-05-2021<br>114/6-21<br>12.14 Are | 7/805Aമുതൽ Eവരെ(വാണിജ്യം)107.86ചമീ | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് **11.1മീറ്റർ** വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരം നികുതിയിൽ 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.<br>2)7/805Aമുതൽ Eവരെ(വാണിജ്യം)107.86 ചമീ കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള 100ചമീ ന് മുകളിലുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീ-ന് 50 രൂപ നിരക്കിൽ നികുതി നിർണ്ണയിക്കുന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100ചമീ വരെ യുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീ-ന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. |
| | 7/805 F,G,H,J ,K(പാർപ്പിടം)<br>161.95ചമീ | |

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17/13.12.2023)പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം ഈ റോഡ് 1.5മീറ്റർ വീതിയുള്ള റോഡ് ആയാണ് കാണിച്ചിരിക്കുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത് .ആയതിനാൽ റോഡിന്റെ വീതി പരിശോധിച്ച് ചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-14-1 വസ്തു നികുതി ചുമത്തിയത് - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ വസ്തുനികുതി നിരക്ക് പ്രകാരം 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50 രൂപയും, 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 30 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്കായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വ്യത്യസ്ത മുറികളാക്കി വ്യത്യസ്ത നമ്പറുകൾ നൽകുമ്പോഴും കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് 50 രൂപ നിരക്കിൽ തന്നെയാണ് ഗ്രാമപഞ്ചായത്ത് നികുതികൾ നിർണ്ണയിക്കുന്നതും ഈടാക്കുന്നതും.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ മേൽപ്രകാരം നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ /ഉടമ | ആകെ വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട നികുതി നിരക്ക് | ഈടാക്കിയത് |
|---|---|---|---|---|
| 1 | ശ്രീ നസീബുദ്ധീൻ<br>8/20Aമുതൽ Gവരെ | 208.69 | 50/ച.മീ. | 30/ച.മീ |
| 2 | ശ്രീ അബ്ദുൽ കരീം<br>പോത്തഞ്ചേരി<br>5/272A മുതൽ H വരെ | 136.07 | 50/ച.മീ. | 30/ച.മീ |
| 3 | അല്ലക്കാട് അബ്ദു<br>3/157Aമുതൽ H വരെ | 216.72 | 50/ച.മീ. | 30/ച.മീ |

വസ്തു നികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/13.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-14-2 വസ്തു നികുതി - ടോയ്‌ലറ്റ് ഭാഗത്തിന് നികുതി നിർണ്ണയിച്ചില്ല

2011 ലെ കേരളാ പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 3( 4 ) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, ശ്രീ. ആലക്കാട്ട് അബ്ദു എന്ന കെട്ടിട ഉടമയുടെ S-167/1-2(20.44Are)എന്ന സ്ഥലത്ത് നിർമ്മിച്ച വാണിജ്യ-പാർപ്പിട കെട്ടിടത്തിന് നികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിലുള്ള ടോയ്‌ലറ്റ് ഭാഗത്തിന് നികുതി നിർണ്ണയിച്ചില്ല. കംപ്ലീഷൻ പ്ലാൻ പ്രകാരം സെല്ലാർ ഫ്ലോറിൽ (1.63x1.42+1.63x1.82)ച മീ വിസ്തീർണ്ണമുള്ള ടോയ്‌ലറ്റ് ഭാഗം ഉണ്ട്. വസ്തുനികുതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/13-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-14-3 വസ്തു നികുതി നിർണ്ണയം അപാകതകൾ

എ-3-1977/22 /24-08-2022 പ്രകാരം ശ്രീ മഹേഷ് എന്നവർക്ക് 2/26,27,28,29 എന്നീ കെട്ടിട നമ്പറുകളിലായി സിനിമ തിയ്യേറ്റർ (AC) പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.ഈ കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | മുറികൾക്ക് അനുവദിച്ച നമ്പർ | മുറികളുടെ വിസ്തീർണ്ണം(ചതുരശ്ര മീറ്ററിൽ)/മേൽക്കൂരയുടെ തരം | തരം |
|---|---|---|---|
| 1 | 2/26 | 15.9ചമീ(കുറഞ്ഞ തരം മേൽക്കൂര) | വാണിജ്യം |
| 2 | 2/27 | 300ചമീ(കോൺക്രീറ്റ് മേൽക്കൂര) | തിയ്യേറ്റർ |
| 3 | 2/28 | 87ചമീ(കുറഞ്ഞ തരം മേൽക്കൂര) | ഓഫീസ് |
| 4 | 2/29 | 198ചമീ(കുറഞ്ഞ തരം മേൽക്കൂര) | തിയ്യേറ്റർ |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

1)2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ടി സ്ഥാപനം റിനോവേറ്റ് ചെയ്യതായി 24-8-22ലെ A3-1977/22-25-08-22 ലെ കെട്ടിട ഉടമയുടെ അപേക്ഷയിൽ അറിയിച്ചിട്ടുണ്ട്.എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് മേൽ തീയ്യേറ്ററിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.07-10-2022ലെ FRS *10* MPM/10947/2022/FINAL നമ്പർ ഫയർ NOC പ്രകാരം 965.79ചമീ ആണ് തറ വിസ്തീർണ്ണം എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഈ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 600.9ചമീ ആണ് .ആയതിനാൽ കെട്ടിടത്തിന്റെ തരം, തറവിസ്തീർണ്ണം,മേൽക്കൂരയുടെ തരം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

2.2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 8 പ്രകാരം സെൻട്രലൈസ്ഡ് AC ആണെങ്കിൽ നികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ്.

തിയ്യേറ്റർ AC തിയ്യേറ്ററായി അപ്ഗ്രേഡ് ചെയ്യതതായി ചീഫ് ഇലക്ട്രിക്കൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കുള്ള (സി11-1052/22/20.6.22 നമ്പർ )കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ചട്ട പ്രകാരമുള്ള നികുതി വർദ്ധനവ് വരുത്തിയിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(22/15-12-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-15 വാർത്താവിനിമയ ഗോപുരങ്ങൾ -പെർമിറ്റ്/നമ്പറിംഗ് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അനുവദിച്ച മൊബൈൽ ടവറുകൾക്ക് പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും നമ്പർ നൽകിയതിന്റെയോ യഥാസമയം പെർമിറ്റ് പുതുക്കിയതിന്റേയോ വിശദാംശങ്ങൾ ലഭ്യമായില്ല.പെർമിറ്റിന് അപേക്ഷിച്ചതിൽ പെർമിറ്റ്/നമ്പർ അനുവദിക്കാത്ത ടവറുകളുടെ രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം. | ഇൻവാർഡ് നം | പെർമിറ്റ് നം/നോട്ടീസ് വിവരം | സർവ്വേനം/വാർഡ് നം | അപേക്ഷകന്റെ/കമ്പനി പേര് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2021-22/21 | A2-2253/21 23-06-21 | 30.06.21ന് നോട്ടീസ് നൽകി | സ.നം-1/12-4 | അസന്റ് ടെലികോം ഇൻഫ്രാസ്ട്രക്ചർ. |
| 2 | 2021-22/22 | A2-2254/21 23-06-21 | A2.BA(38375/21) 05-07-21 | 38/10B-2 | അസന്റ് ടെലികോം ഇൻഫ്രാസ്ട്രക്ചർ |
| 3 | 2021-22/42 | A2-2972/21 09-08-21 | A2.BA(180075/21) 26-08-21 | 239/10-7 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ |
| 4 | 2021-22/81 | 4538/21 3-11-21 | A2-BA(285148/21) 20-11-2021 | 179/1-4 179/1-5 | ഇൻഡക്സ് ടവേർസ് ,പാലാരിവട്ടം,കൊച്ചി |

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 87(9) പ്രകാരം വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് കാലാവധി ഒരു വർഷമാണ്. മുകളിൽ കൊടുത്ത ടവറുകളെല്ലാം തന്നെ ചട്ടപ്രകാരം പെർമിറ്റ് കാലാവധി അവസാനിച്ചിട്ടുണ്ട്. എന്നാൽ പെർമിറ്റിന്റെ കാലാവധി നീട്ടിക്കിട്ടുന്നതിന് അതിന്റെ സാധുതാ കാലാവധിയിൽ തന്നെ അപേക്ഷിക്കുന്ന പക്ഷം, ചട്ടം 87(12)അസൽ പെർമിറ്റിന്റെ നിലവിലുള്ള ഫീസിന്റെ 50% ഈടാക്കി പെർമിറ്റ് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ ചട്ടപ്രകാരം യഥാസമയം പെർമിറ്റ് പുതുക്കിയതിന്റേയോ നിർമ്മാണം പൂർത്തിയാക്കി നമ്പർ നൽകിയതിന്റെയോ വിശദാംശങ്ങൾ ലഭ്യമല്ല. (ഗ്രാമപഞ്ചായത്തിൽ മൊബൈൽ ടവറുകൾക്ക് നമ്പർ നൽകിയതിന്റെ വിശദാംശങ്ങൾ സഞ്ചയയിൽ നിന്നും ലഭ്യമാക്കിയതിൽ മേൽ വാർഡുകളിൽ മൊബൈൽ ടവറുകൾക്ക് നമ്പർ നൽകിയിട്ടില്ലയെന്ന് കണ്ടു. )അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/15.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ ടവറുകൾക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ആയതിന് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.12.16 ലെ 792455/ഇ.ഡബ്ല്യു 3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രി പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചാത്ത് പരിധിയിലുള്ള അൽഹുദ ഇ എം എസ് ,വട്ടപ്പറമ്പ്,ICET പബ്ലിക്ക് സ്കൂൾ,വെസ്റ്റ് കോഡൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ ഈ സ്കൂളിന് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/16.12.23) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും ആയതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-17 ജനകീയ ഹോട്ടൽ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് : 120/23 ജനകീയ ഹോട്ടൽ വാടക വൈദ്യുതി ബിൽ അടവാക്കൽ

അടങ്കൽ : 120000 (Own Fund)+ 30000 (Block Share)

ചെലവ് : 115600/-(Vr.No. 22201096/30.03.2023 -Own Fund)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം 1,15,600/- രൂപ ജനകീയ ഹോട്ടലിന്റെ KGB യിലുള്ള 40165101106727 നമ്പർ അക്കൗണ്ടിലേക്ക് മാറി നൽകിയിട്ടുണ്ട്. ജനകീയ ഹോട്ടലിന്റെ വാടക ഇനത്തിലുള്ള ടി തുക കൈപ്പറ്റിയതായി ജനകീയ ഹോട്ടൽ സെക്രട്ടറി കൈപ്പറ്റ് നൽകിയിട്ടുമുണ്ട്. 28.03.2023 ന് കോഡൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വാടക സർട്ടിഫിക്കറ്റ് പ്രകാരം 6802/- രൂപയാണ് കെട്ടിടത്തിന്റെ മാസ വാടക. കെട്ടിട ഉടമയുമായി കരാർ ചമക്കുന്നത് 01.04.2021 നാണ് . പ്രോജക്റ്റ് പ്രകാരം കൈമാറിയ തുക ഏതെല്ലാം മാസങ്ങളിലെ വാടകയാണെന്ന വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/16.12.023)മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 115600 /- രൂപ തടസ്സം ചെയ്യുന്നു.

## 1-18 വിവിധ പദ്ധതികൾ പ്രകാരമുള്ള മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവഹണം നടത്തിയ ചുവടെ ചേർത്ത പ്രൊജക്റ്റുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് | 23/23 അവയവം മാറ്റിവെച്ച രോഗികൾക്കും ഡയാലിസിസ് |

| | |
|---|---|
| | രോഗികൾക്കും മരുന്ന് വാങ്ങൽ |
| ചെലവ് | 499981/- |
| മരുന്നിന് KMSCL ന് നൽകിയ തുക | 63325/- (BRN-22151152027300227566/22-6.2022)<br>21732/-(BRN-22151152027300785333/17-11.2022)<br>158937/-(BRN-22151152027301198778/16-02.2023)<br>----------<br>ആകെ-243994 |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | PRF697/15.07.2022<br>RF1430/24.09.2022<br>PPRF3071/19.12.2022 |

മരുന്ന് ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

2.

| PRF697/15.07.2022 | | PRF1430/24.09.2022 | | PRF3071/19.12.2022 | |
|---|---|---|---|---|---|
| **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** | **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** | **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** |
| Inv No 17571/18.11.22 | 7774 | Inv No 19309/11.10.23 | 1505 | Inv No 511/06.04.23 | 115756 |
| Inv No 21332/27.12.22 | 3294 | | | Inv No 12656/13.07.23 | 19429 |
| Inv No 22790/11-01-23 | 45158 | | | | |
| Inv No12925/15.07.2023 | 1472 | | | | |
| ആകെ | **57698** | 1505 | | 135185 | |

(243994-194388)=49606രൂപയുടെ മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | 22/23 Phcക്ക് മരുന്ന് ,ലാബ് റീ ഏജന്റ് വാങ്ങൽ |
| ചെലവ് | 579521/- |
| മരുന്നിന് KMSCL ന് നൽകിയ തുക | 288743/-<br>(BRN-22151152027300518490/6.09.2022)<br>74419/-(BRN-22151152027300518502/6.09.2022)<br>18080/-(BRN-22151152027300902287/13-12.2022)<br>---------<br>ആകെ -381242 |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | PRF957/08.08.2022<br>PRF958/08.08.2022<br>PRF2847/08.12.2022 |

മരുന്ന് ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| PRF957/08.08.2022 | | PRF958/08.08.2022 | | PRF2847/08.12.2022 | |
|---|---|---|---|---|---|
| **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** | **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** | **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** |
| Inv No 17248/16.11.22 | 4928 | Inv No 18250/23.11.22 | 74350 | Inv No 2693/09.05.23 | 1992 |
| Inv No 17815/19.11.22 | 15053 | | | Inv No 10219/22.06.23 | 336 |

| | | | | |
|---|---|---|---|---|
| Inv No 18272/23.11.22 | 11003 | | Inv No 10382/23.06.23 | 2974 |
| Inv No 18438/23.11.22 | 4591 | | Inv No 11498/05.07.23 | 1798 |
| Inv No 18702/25.11.22 | 12040 | | Inv No 16427/18.08.23 | 3071 |
| Inv No 20158/15.12.22 | 2778 | | Inv No 17789/18.09.23 | 1467 |
| Inv No 20493/19.12.22 | 10364 | | | |
| Inv No 20830/21.12.22 | 1204 | | | |
| Inv No 21073/23.12.22 | 5040 | | | |
| Inv No 26261/2.03.23 | 2991 | | | |
| Inv No 26432/04.03.23 | 6216 | | | |
| Inv No 26443/04.03.23 | 16576 | | | |
| Inv No 27088/16.03.23 | 4704 | | | |
| Inv No 28072/28.03.23 | 431 | | | |
| Inv No 899/17.04.23 | 4144 | | | |
| Inv No 1118/19.04.23 | 4194 | | | |
| Inv No 1597/03.05.23 | 1397 | | | |
| Inv No 5737/24.05.23 | 31180 | | | |
| Inv No 7709/05.06.23 | 15210 | | | |
| Inv No 10063/20.06.23 | 60036 | | | |
| Inv No 12922/15.07.23 | 4122 | | | |
| Inv No 14636/29.07.23 | 1404 | | | |
| Inv No 16419/18.08.23 | 921 | | | |
| Inv No 17281/1-9.23 | 14246 | | | |
| Inv No 19984/31-10.23 | 1243 | | | |
| ആകെ | 236016 | 74350 | 11638 | |

(381242-322004)=59238രൂപയുടെ മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.

3.

| | |
|---|---|
| പ്രൊജക്റ്റ് | 20/23 പാലിയേറ്റീവ് കെയർ |

| | |
|---|---|
| ചെലവ് | 737659/- |
| മരുന്നിന് KMSCL ന് നൽകിയ തുക | 62199/- (BRN-22151152027300306777/13.7.2022)<br>48376/- (BRN-22151152027300785337/17.11.2022)<br>19099/- (BRN-22151152027300902280/13.12.2022)<br>88943/-(BRN-22151152027301416416/18-03-2023)<br>---------<br>ആകെ-218617 |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | PRF214/31.05.2022<br>PRF1490/30.09.2022<br>PRF2448/21.11.2022<br>PRF5137/09.03.2023 |

മരുന്ന് ലഭ്യമായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| PRF214/31.05.2022 | | PRF1490/30.09.2022 | | PRF2448/21.11.2022 | | PRF5137/09.03.2023 | |
|---|---|---|---|---|---|---|---|
| **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** | **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** | **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** | **ഇൻവോയ്സ് നമ്പർ /തിയതി** | **തുക** |
| Inv No 10320/3-9-22 | 1232 | Inv No 24809/14-2-23 | 776 | Inv No 26508/04.03.23 | 3362 | Inv No 1229/27.04.23 | 909 |
| Inv No 11948/23.09.22 | 1810 | Inv No 25487/23-2-23 | 871 | Inv No 6407/25.07.23 | 8941 | Inv No 7666/03.06.23 | 1067 |
| Inv No 15619/02.11.22 | 152 | Inv No 26510/4-3-23 | 4482 | Inv No 10214/21.06.23 | 2911 | Inv No 10950/29.06.23 | 2375 |
| Inv No 16910/11.11.22 | 699 | Inv No 26992/15-3-23 | 69 | | | | |
| Inv No 19184/29.11.22 | 2936 | Inv No 280/04-04-23 | 268 | | | | |
| Inv No 3324/12.05.23 | 6479 | Inv No 4305/19-05-23 | 1434 | | | | |
| Inv No 5625/24.05.23 | 17445 | Inv No 4449/19-05-23 | 1066 | | | | |
| Inv No 13651/21.07.23 | 5729 | Inv No 6416/27-05-23 | 9356 | | | | |
| Inv No 15664/11.08.23 | 1725 | Inv No 7615/03-06-23 | 1708 | | | | |
| Inv No 16246/17.08.23 | 2862 | Inv No 8566/10-06-23 | 1585 | | | | |
| | | Inv No 16231/17-08-23 | 3014 | | | | |
| | | Inv No 16643/21-08-23 | 1295 | | | | |
| | | Inv No 19107/07-10-23 | 2564 | | | | |

| | | | | | |
|---|---|---|---|---|---|
| | | Inv No 19370/12-10-23 | 4441 | | |
| | | Inv No 19681/19-10-23 | 428 | | |
| ആകെ | 41069 | 33357 | | 15214 | 4351 |

(218617-93991)=124626രൂപയുടെ മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. മരുന്ന് ലഭ്യമാക്കാൻ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/14.12.23)മരുന്ന് ലഭ്യമാക്കുന്നതിന് കത്തയച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 ഹരിതകർമ്മസേന -പ്രവർത്തനാവലോകനം

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊലൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

കോഡൂർ ഗ്രാമ പഞ്ചാത്തിലെ ഹരിത കർമ്മസേന പ്രവർത്തനം 2020 സംപ്റ്റംബറിലാണ് ആരംഭിച്ചത്. നിലവിൽ 22 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. പ്രാരംഭ കാലത്ത് 15 പേരാണ് ഹരിത കർമ്മസേന അംഗങ്ങളായി ഉണ്ടായിരുന്നത്. 19 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ 45 ദിവസത്തിൽ ഒരിക്കലാണ് വീട് കയറിയുള്ള മാലിന്യ ശേഖരണം നടക്കുന്നത്. വീട്ടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് എക്കോ ഗ്രീൻ കമ്പനിക്ക് നൽകുമ്പാൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം.

വാഹന വാടക, അജൈവ മാലിന്യങ്ങൾ എടുക്കുന്നതിന് എക്കോ ഗ്രീൻ കമ്പനിക്ക് നൽകുന്ന ചാർജ്, ഹരിത കർമ്മസേന അംഗങ്ങളുടെ വേതനം എന്നിവയാണ് പ്രധാന ചെലവ് ഇനങ്ങൾ. പ്രാരംഭ ഘട്ടത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് തുക തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിച്ചിരുന്നു. നിലവിൽ ഗ്യാപ് ഫണ്ട് അനുവദിക്കാതെ തന്നെ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക

സ്വയം കണ്ടെത്തുന്നതിന് സാധിക്കുന്നുണ്ട്.

മാലിന്യങ്ങൾ വേർതിരിക്കുന്നതിനുള്ള എം.സി.എഫ് (മെറ്റീരിയൽ സംഭരണ കേന്ദ്രം) പ്രവർത്തനം നടക്കുന്നത് ഗ്രാമ പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ്. കെട്ടിടത്തിൽ വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാണെങ്കിലും 2വർഷമായി എം സി എഫിൽ ഇരിക്കുന്ന ബെയ്‌ലിംഗ് മെഷീൻ നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. പഞ്ചായത്ത് തല എം സി എഫ് കൂടാതെ 5വാർഡുകളിൽ മിനി എം സി എഫും സ്ഥാപിച്ചിട്ടുണ്ട്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്. 2022-23 വർഷത്തെ മിനട്സ് ബുക്ക് പരിശോധിച്ചതിൽ എല്ലാ മാസങ്ങളിലും യോഗങ്ങൾ ചേർന്നതായി കാണുന്നില്ല. മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.

2022-23 വർഷത്തിൽ ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്തിന് ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | നിർവ്വഹണോദ്യോഗസ്ഥൻ | തുക |
|---|---|---|
| 216/23 ഹരിത കർമ്മസേനക്ക് ശുചീകരണ ഉപകരണങ്ങളും അവശ്യ സാധനങ്ങളും വാങ്ങൽ | അസിസ്റ്റന്റ് സെക്രട്ടറി | 33,226 |
| 225/23 റിജക്ടഡ് മാലിന്യം കയറ്റി അയക്കൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 94,810 |
| 193/23 ഹരിത കർമ്മസേനക്ക് ചാക്ക് വാങ്ങൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1,00,000 |
| 48/23 ഹരിത കർമ്മസേനയുടെ വാഹന വാടക നൽകൽ അവശ്യ സാധനങ്ങൾ വാങ്ങൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2,77,710 |

ഹരിത കർമ്മസേനക്ക് സ്വന്തമായി വാഹനം വാങ്ങി നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയില്ല. (ഓഡിറ്റ് എൻക്വയറി 37/16.12.2023)

<u>ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം</u>

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ / പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനായി ഹരിത കേരള മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ് വെയർ പദ്ധതിക്ക് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 20.10.2020 ലെ ജി.ഒ (ആർ.ടി) 1967/2020/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിരുന്നു.

തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമാർജ്ജന പ്രക്രിയക്ക് ആക്കം കൂട്ടാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്മാർട്ട് ഗാർബേജ് എന്ന പേരിൽ ആപ്ലിക്കേഷൻ കെൽട്രോൺ വഴി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

മേൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനക്ക് സ്മാർട്ട് ഫോൺ, തദ്ദേശ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് (50,000 രൂപ), കെൽട്രോണിന് സർവീസ് ചാർജ് (1,35,700 രൂപ), QR കോഡ് തുക (12,000 രൂപ), SMS തുക (7,200 രൂപ) എന്നിവക്കായി ആകെ 2,04,900/- രൂപ നീക്കിവെക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിരുന്നു. (തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 18.11.2021 ലെ ജി.ഒ (ആർ.ടി) 2307/2021 /എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്)

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2022-23 വർഷം പ്രൊജക്ട് നടപ്പിലാക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി, കെൽട്രോണിന് സർവീസ് ചാർജ് ഇനത്തിൽ 1,35,700 രൂപയും, SMS തുക ഇനത്തിൽ 7,200 രൂപയും, ക്യൂ. ആർ കോഡ് ഇനത്തിൽ 12,000/- രൂപയും ലാപ്ടോപ്പ് പർച്ചേസിനായി 50,000/- രൂപയും ഉൾപ്പെടെ 2,04,900 രൂപ താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | 243/23 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ | ₹2,50,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹204900<br>വൗച്ചർ നമ്പർ / തിയ്യതി : XVFC/2022-23/P/72 Ated 03.03.2023 (142900)<br>XVFC/2022-23/P/73 Ated 03.03.2023 (62000) |

23.02.2023 ന് സെക്രട്ടറിയും, കെൽട്രോണും, ശുചിത്വ മിഷൻ ജില്ലാ കോ ഓർഡിനേറ്ററും തമ്മിൽ ട്രൈപാർട്ടി കരാറിൽ ഒപ്പ് വെച്ചിട്ടുണ്ട്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ വീടുകളിലും ക്യൂ.ആർ കോഡ് പതിപ്പിക്കുന്ന ജോലിക്ക് ആളെ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, നിലവിൽ എത്ര ശതമാനം വീടുകളിൽ ക്യൂ ആർ കോഡ് പതിച്ചിട്ടുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജിനത്തിൽ 135000/- രൂപ നൽകിയപ്പോൾ ഇൻകം ടാക്സ് ഈടാക്കാത്തതിനും വിശദീകരണം

ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (34/15.12.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ പദ്ധതി സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർണ്ണ രീതിയിൽ പ്രവർത്തന സജ്ജമായിട്ടില്ല എന്നാണ് വാക്കാൽ അറിയിച്ചത്. തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ഹരിത കർമ്മസേനക്ക് വാഹനം വാങ്ങുകയും ബെയ്‌ലിംഗ് മെഷീൻ ഇൻസ്റ്റാൾ ചെയ്യുകയും ചെയ്ത് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കൃഷി നടീൽ ഉൽപന്നങ്ങൾ വാങ്ങി

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം കൃഷി നടീൽ ഉൽപന്നങ്ങൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ , തൈകൾ എന്നിവ വാങ്ങൽ നടത്തേണ്ടത്.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്റ്റ് പ്രകാരമുള്ള വാങ്ങലുകൾ മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് നടത്തിയത്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്റ്റ് | വാങ്ങലിന്റെ വിവരം | ചെലവ് | കുറിപ്പ് |
|---|---|---|---|
| സുഗന്ധവിള തൈകളുടെ വിതരണം - 164/23 315000/-പ്ലാൻ ഫണ്ട് | കുറ്റിക്കുരുമുളക് 3150 എണ്ണം @ 100/no | 165000/- (2215115202700151 6200/28.03.2023) 150000/- (2215115202700151 5999/28.03.2023) | കോഡൂർ കാർഷിക കർമ്മസേനയിൽ നിന്നും വാങ്ങി (ബിൽ നം.3172/18.03.2023-1650 എണ്ണം)( ബിൽ നം.3134/ 23.02.2023-1500 എണ്ണം) വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. |

വാങ്ങലിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (9/11.12.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല . സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിന് മേൽ പ്രോജക്റ്റ് പ്രകാരം ചെലവഴിച്ച ₹315000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. മേൽ വാങ്ങൽ സാധൂകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കുകയോ, സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാരിൽ നിന്ന് സാധൂകരണം നേടുകയോ ചെയ്യേണ്ടതാണ്.

## 1-21 ടയർ ചട്ടി വിതരണം-അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 98/23 ടയറിലെ പച്ചക്കറി കൃഷി |
| അടങ്കൽ , ചെലവ് തുക | 180,000 (വികസന ഫണ്ട് ജനറൽ)+ 60000 ( ഗുണഭോക്തൃ വിഹിതം) 240000 |
| ബിൽ നം. | 22151152027001358308/15.03.2023 ₹ 154500, 22151152027001500158/27.03.2023 ₹ 10500, 22151152027001370718/16.03.2023 ₹ 15000, 22201115/30.03.2023 ₹60000 BC) |
| നിർവ്വഹണം | കൃഷി ഓഫീസർ |

ഗുണഭോക്താക്കൾക്ക് പച്ചക്കറി തൈകളോട് കൂടിയ ടയർ ചട്ടികൾ വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയ ഈ പ്രൊജക്റ്റ് പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് 25% ഗുണഭോക്തൃ വിഹിതം ഈടാക്കി 10 ടയർ ചട്ടികൾ ഉൾപ്പെടുന്ന ഓരോ യൂണിറ്റ് വീതം വിതരണം ചെയ്യുന്നതാണ് പദ്ധതി. കോഡൂർ കാർഷിക കർമ്മസേനയിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ 120 യൂണിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖക്ക് ( GO (MS) 115/2022/LSGD Dt 28.05.2022) വ്യക്തത വരുത്തി HDPE ചട്ടി ഉൾപ്പെടെയുള്ള ചട്ടികൾ വാങ്ങുന്നതിന് അനുമതി നൽകിയും ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയും പുറപ്പെടുവിച്ച സ.ഉ (സാ.ധാ) 2854/2022/LSGD Dt 18.11.2022 നം ഉത്തരവ് പ്രകാരം ടെണ്ടർ നടപടികളിലൂടെയാണ് ടയർ ചട്ടികൾ വാങ്ങേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റ് പ്രകാരം കോഡൂർ കാർഷിക കർമ്മസേനയിൽ നിന്നും ടെണ്ടർ/വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഇപ്രകാരം വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/11.12.2023)മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിന് മേൽ പ്രോജക്റ്റ് പ്രകാരം ചെലവഴിച്ച ₹240000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. മേൽ വാങ്ങൽ സാധൂകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കുകയോ, സർക്കാർ ഉത്തരവിന് വിരുദ്ധമായ

വാങ്ങലിന് സർക്കാരിൽ നിന്ന് സാധൂകരണം നേടുകയോ ചെയ്യേണ്ടതാണ്.

## 1-22 നെൽ വിത്ത് വാങ്ങൽ - നടപടിക്രമം പാലിച്ചില്ല

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.4 പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ തൈകൾ എന്നിവ വാങ്ങൽ നടത്തേണ്ടത്.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി പ്രോത്സാഹനം എന്ന പ്രൊജക്ട് പ്രകാരം നെൽ വിത്തുകൾ വാങ്ങിയത് മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് നടത്തിയത്.

വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | വാങ്ങലിന്റെ വിവരം | ചെലവ് | കുറിപ്പ് |
|---|---|---|---|
| 42/23നെൽകൃഷി പ്രോത്സാഹനം- (വികസന ഫണ്ട് – ജനറൽ-34314) | പൊൻമണി നെൽ വിത്ത്<br>750 Kg @42/kg -31500 | 31500 (221511520270011539 31/ 06.02.2023 ( 34314/-) | പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്റർ. (750Kg) (InvoiceNo. 201/5511 /22-23/23.11.2022)<br>വാങ്ങൽ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. |
| | 67kg@42/kg=2814 | | ശ്രീ. അബ്ദുസ്സലാം തറയിൽ എന്ന ഗുണഭോക്താവ് VFFCKയിൽ നിന്നും വാങ്ങിയത് |

പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിൽ നിന്ന് വാങ്ങൽ നടപടികൾ പാലിക്കാതെ നെൽ വിത്തുകൾ വാങ്ങിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (11/11.12.2023)ക്ക് വിത്തുകൾ വിതരണം ചെയ്യുന്നതിന് നാഷണൽ സീഡ് കോർപ്പറേഷനെ സമീപിച്ചെങ്കിലും ലഭ്യമല്ലാത്തതിനാലാണ് പെരിന്തൽമണ്ണ ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും വാങ്ങിയതെന്നും മറുപടി നൽകി. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് വാങ്ങൽ നടത്തിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തിയതിന് മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച ₹31500 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. മേൽ വാങ്ങൽ സാധൂകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കുകയോ, സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാരിൽ നിന്ന് സാധൂകരണം നേടുകയോ ചെയ്യേണ്ടതാണ്.

## 1-23 ആശ്രയ ഭവന നിർമ്മാണം - പൂർത്തീകരണ വിവരം ലഭ്യമല്ല

പ്രോജക്ട് : 36/23 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം

അടങ്കൽ :5,50,000/-(വികസനം- ജനറൽ)

ചെലവ് : 5,50,000/-

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം 2021-22വർഷത്തിൽ കരാർ വെച്ച് ഭവന നിർമ്മാണം ആരംഭിച്ച 2 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ പൂർത്തീകരണത്തിനായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ /തിയ്യതി | തുക | തുക കൈമാറിയ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 221511520275002220 04/21.06.2022 | 2,50,000 | ശ്രീമതി ആയിഷ ഓലഞ്ചേരി (1,50,000-2ാം ഗഡു),<br>ശ്രീമതി നഫീസ പുളിക്കൽ (1,00,000- 3ാം ഗഡു) | 2021-22 വർഷത്തിൽ ശ്രീമതി നഫീസ പുളിക്കൽഎന്നവർക്ക് രണ്ടു ഗഡുക്കളായി 200000/- രൂപയും<br>ശ്രീമതി ആയിഷ ഓലഞ്ചേരി എന്നവർക്ക് 50000/-രൂപയുമാണ്നൽകിയിരുന്നത്. |
| 2 | 221511520275003328 76/20.07.2022 | 2,00,000 | ശ്രീമതി ആയിഷ ഓലഞ്ചേരി (1,00,000- 3ാം ഗഡു),<br>ശ്രീമതി നഫീസ പുളിക്കൽ (1,00,000- 4ാം ഗഡു) | |

| | | | |
|---|---|---|---|
| 3 | 22151152027501041872/13.01.2023 | 1,00,000 | ശ്രീമതി ആയിഷ ഓലഞ്ചേരി (1,00,000- 4ാം ഗഡു) |

പദ്ധതി പ്രകാരം ഗഡുക്കളായി തുക നൽകിയപ്പോൾ സ്റ്റേജ് സർട്ടിഫിക്കറ്റ് , പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവയൊന്നും ഫയലിൽ ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (26/15.12.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 550000/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 ബയോഡൈകംമ്പോസ്റ്റർ ബിൻ വിതരണം - അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച താഴെ പറയുന്ന പദ്ധതികൾ പ്രകാരം 512 പേർക്ക് ബയഡൈകംമ്പോസ്റ്റർ ബിൻ (@1490/unit) നൽകുന്നതിനായി റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ/ഫണ്ടിനം | ഇൻവോയ്സ് നമ്പർ/ തിയ്യതി (എണ്ണം) | ചെലവ് വിവരം വൗച്ചർ നം/ തിയ്യതി |
|---|---|---|---|---|
| 1 | 32/23 എസ് സി കുടുംബാംഗങ്ങൾക്ക് ബയോഡൈകംമ്പോസ്റ്റർ ബിൻ | 164340 / State Share<br>18270 / Benificiary Contribution | 4/22-23 /24.06.2022(87)<br>(129630/-) | 22200222/28.06.2022 (114351/-)<br>22201098/30.03.2023 (12963/-)<br>22200221/28.06.2022 (558617/-)<br>22200291/20.07.2022 (63325/-)<br>22200223/28.06.2022 (13624/-) |
| 2 | 31/23 ബയോഡൈകംമ്പോസ്റ്റർ ബിൻ | 803250 / State Share<br>89250 / Benificiary Contribution | 3/22-23 /24.06.2022(425)<br>(633250/-) | |

പദ്ധതി പ്രകാരം 512 ബയോഡൈകംമ്പോസ്റ്റർ ബിൻ പർച്ചേസ് ചെയ്തതായി കാണുന്നു. ടി ബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (27/15.12.2023)ക്ക് വിതരണ രജിസ്റ്റർ ലഭ്യമാക്കിയെങ്കിലും ആയതിൽ ഗുണഭോക്തക്കൾ ബിൻ കൈപ്പറ്റിയ വിവരം രേഖപ്പെടുത്തിയിട്ടില്ല. 512 ബയോഡൈകംമ്പോസ്റ്റർ ബിന്നുകളുടെ വിതരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 762880 /- രൂപ തടസ്സം ചെയ്യുന്നു.

## 1-25 ബഡ്സ് സ്കൂൾ കുട്ടികൾക്ക് യൂണിഫോം - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 113/23 ബഡ്സ് സ്കൂൾ കുട്ടികൾക്ക് യൂണിഫോം

അടങ്കൽ :70000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്)

ചെലവ് : 70000/- (22201036/08.03.2023)

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ബഡ്സ് സ്കൂൾ കുട്ടികൾക്ക് യൂണിഫോം തുണികൾ വാങ്ങി നൽകുന്നതിനായി യൂണിക്സ്, വേങ്ങര എന്ന സ്ഥാപനത്തിന് മേൽ വൗച്ചർ പ്രകാരം 70000 രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് ,

1. ക്വട്ടേഷൻ / ടെണ്ടർ നടപടികളുടെ രേഖകൾ

2. യൂണിഫോം തുണി ലഭ്യമായത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ

എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ( 28/15.12.2023 ) ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക ₹70000 തടസ്സത്തിൽ വെക്കുന്നു.

## 1-26 ഹരിതകർമ്മസേനക്ക് ശുചീകരണ ഉപകരണങ്ങളും അവശ്യസാധനങ്ങളും വാങ്ങൽ- അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് : 216/23 ഹരിതകർമ്മസേനക്ക് ശുചീകരണ ഉപകരണങ്ങളും അവശ്യസാധനങ്ങളും വാങ്ങൽ

അടങ്കൽ : 50000/- ( ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 33226/-(XVFC/2022-23/P/110 Dated 31.03.2023(23626/-) +XVFC/2022-23/P/111 Dated 31.03.2023 (9600/-)

മേൽ പ്രോജക്ടിന്റെ പരിശോധനക്കായി സാംഖ്യയിൽ നിന്നുമുള്ള ട്രഷറി ബില്ല് മാത്രമാണ് ലഭ്യമാക്കിയത്. ആയത് പ്രകാരം ശ്രീ നിസ്സാർ മുഹമ്മദ് പി.കെ എന്നവർക്ക് ₹9600 രൂപയും ശ്രീ ഇസ്ഹാഖ് സാലി എന്നവർക്ക് ₹23626 രൂപയും നൽകിയിട്ടുണ്ട്. ടി തുക ചെലവഴിച്ചതിന്റെ അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (29/15.12.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. അനുബന്ധരഖകൾ ലഭ്യമാക്കുന്നതുവരെ ചെലവുതുക 33226/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 ഹരിത കർമ്മസേന - വാഹന വാടക -അധികം നൽകി

പ്രോജക്ട് : 48/23 ഹരിത കർമ്മസേനയുടെ വാഹന വാടക നൽകൽ, അവശ്യ സാധനങ്ങൾ വാങ്ങൽ

അടങ്കൽ :377900/-(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 277710/- (XVFC/2022-23/P/68 Dated 03.03.2023 - 178860)

(XVFC/2022-23/P/102 Dated 29.03.2023 - 80850)

(XVFC/2022-23/P/36 Dated 24.09.2022 - 18000)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ഹരിതകർമ്മ സേനക്കാർ ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ എത്തിച്ചതിന് കിലോമീറ്ററിന് 49 രൂപ നിരക്കിൽ (മിനിമം വാടക 700രൂപ/ ദിവസം)(29.12.2020ലെ കരാർ -നമ്പർ രേഖപ്പെടുത്തിയിട്ടില്ല) ശ്രീ മുഹമ്മദ് ഷാഫിഖ് എന്നവർക്ക് 259710/- രൂപയും ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം കോട്ട് തയ്ച്ച് നൽകിയതിന് അബ്ദുൾ നാസർ എന്നവർക്ക് 18000/- രൂപയും അനുവദിച്ചിട്ടുണ്ട്.
01.04.2022 മുതൽ 31.03.2023 വരെയുള്ള കാലയളവിൽ ശ്രീ മുഹമ്മദ് ഷാഫിഖിന് ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ 259710/- രൂപ നൽകിയെങ്കിലും , ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ ടിയാന് നൽകാനുള്ള തുക 250447/- രൂപയാണെന്ന് കാണുന്നു. അധികം തുക നൽകാനാധാരമാക്കിയ ഉത്തരവ്/ തീരുമാനം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ വാഹന വാടക നൽകിയപ്പോൾ 1% IT- TDS ( Income Tax Act 1961, Sec.194C) ഈടാക്കിയതായി കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (30/15.12.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 9263/- രൂപ ഉത്തരവാദിയായ വരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ആയതു വരെ അധികം നൽകിയ തുക 9263 തടസ്സം ചെയ്യുന്നു. കരാർ പ്രകാരം വാഹന വാടക നൽകുമ്പോൾ ഇൻകം ടാക്സ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ലൈഫ് ഭവന നിർമ്മാണം -പൊതു അപാകതകൾ

താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 121/23 ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ | 2300000/- Plan General<br>2000000/- State Share<br>2500000/- Block Share<br>1200000/-District Share | 2300000/- Plan General<br>1190847/- Block Share |
| 2 | 134/23 ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് സി | 1240000/- Plan SCP<br>1200000/- State Share<br>1500000/- Block Share<br>860000/-District Share | 820000/- Plan SCP<br>1500000/- Block Share |

ഗുണഭോക്താക്കളുടെ വ്യക്തിഗത ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.ഗുണഭോക്താക്കളുമായി ചമച്ച കരാർ ഫയലിൽ ഉണ്ടെങ്കിലും ആയത് എഴുതി പൂർത്തീകരിച്ചിട്ടില്ല. കരാറിൽ ഗുണഭോക്താവ് ഒപ്പു വെക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിർവ്വഹണോദ്യോഗസ്ഥൻ ഒപ്പു വെച്ചിട്ടില്ല

2.സ്റ്റേജ് സർട്ടിഫിക്കറ്റ് പ്രകാരമാണ് ഗഡുക്കളയി തുക നൽകേണ്ടത് .എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റ് മിക്ക ഫയലിലും ഇല്ല. നിലവിലെ സ്റ്റേജ് കാണിക്കുന്ന ഫോട്ടോയും ഇല്ല.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രീമതി മർലിയ അബ്ദുസ്സലാം എന്ന ഗുണഭോക്താവിന് റൂഫ് പൂർത്തീകരിച്ചു എന്നു കാണിച്ച് ആകെ 320000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റ് ഇല്ല. ഫയലിൽ ലഭ്യമാക്കിയ ഫോട്ടോ ബേസ്മെന്റ് പൂർത്തീകരിച്ചപ്പോഴുള്ളതാണ്.

2. ശ്രീമതി ധന്യ അച്യുതൻ എന്ന ഗുണഭോക്താവിന് റൂഫ് പൂർത്തീകരിച്ചു എന്നു കാണിച്ച് ആകെ 320000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റ് ഇല്ല. ഫയലിൽ ലഭ്യമാക്കിയ ഫോട്ടോ ലിന്റൽ പൂർത്തീകരിച്ചപ്പോഴുള്ളതാണ്.

അപാകതകൾ ഓഡിറ്റ് എൻക്വയറി( 31/15.12.2023)ക്ക് ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ ഫോട്ടോ കാണിക്കുകയുണ്ടായി. കരാർ എഴുതി പൂർത്തീകരിക്കേണ്ടും ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടം പൂർത്തീകരിക്കുമ്പോഴും സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകേണ്ടതും ആനുപാതിക തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 ഭവന പുനരുദ്ധാരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം 68 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി സബ്സിഡി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 135/23 വീട് വാസയോഗ്യമാക്കൽ എസ് സി | 630000 - Plan SCP<br>70000 - Own | 630000 - Plan SCP<br>50000 - Own | 7 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകി |
| 2 | 221/23 അതി ദരിദ്രരുടെ ഭവനപുനരുദ്ധാരണം | 600000 - Plan General<br>100000 - Block Share | 450000 - Plan General | 5 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകി. ശ്രീമതി ബിരിയുമ്മ ഉള്ളാട്ടിൽ എന്ന ഗുണഭോക്താവ് ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. |
| 3 | 122/23 വീട് വാസയോഗ്യമാക്കൽ ജനറൽ | 1425000 - Plan General | 1400000 - Plan General | 56 ഗുണഭോക്താക്കൾക്ക് 25000 രൂപ വീതം സബ്സിഡി നൽകി |

സ.ഉ(കൈ) നം.115/2022/തസ്വഭവ തിയ്യതി 28.05.2022 സബ്സിഡി 6.7(4) പ്രകാരം ഭവന പുനരുദ്ധാരണം പദ്ധതിക്കായി

കരാറിലേർപ്പെടുന്ന ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ എസ് ജി ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ ഗുണഭോക്താക്കൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (32/15.12.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകത വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ക്രമ നമ്പർ 2 പദ്ധതി പ്രകാരം മുൻകൂറായി 50000/- രൂപ കൈപ്പറ്റുകയും നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ ശ്രീമതി ബിരിയുമ്മ ഉള്ളാട്ടിൽ എന്ന ഗുണഭോക്താവിന്റെ ഭവന പുനരുദ്ധാരണം എത്രയും പെട്ടന്ന് പൂർത്തീകരിക്കുന്നതിനോ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 സ്പിൽ ഓവർ പ്രോജക്ട് - ഫണ്ട് വകമാറ്റി പദ്ധതി രൂപീകരിച്ചു; അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ പ്രകാരം ഭവന പുനരുദ്ധാരണത്തിന് തുക നൽകിയിട്ടുണ്ട് . പദ്ധതികൾ പരിശോധിച്ചതിൽ മുൻ വർഷത്തിൽ നിർവ്വഹിച്ച പദ്ധതികളുടെ ബാക്കിയായാണ് ഈ പ്രോജക്ടുകൾ നടത്തിയതെങ്കിലും പദ്ധതിക്കായി ചെലവഴിച്ച ഫണ്ടിനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം കണ്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ/ ചെലവ് | മുൻവർഷത്തെ പ്രോജക്ട് | മുൻ വർഷ പദ്ധതിപ്രകാരം | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | ഫണ്ടിനം | അടങ്കൽ | ചെലവ് | നീക്കിബാക്കി | |
| 1 | 33/23 വീട് വാസയോഗ്യമക്കൽ ജനറൽ | 150000-Plan General/ 150000-Plan General | 20/22 | Plan - General | 1076414 | 1076414 | 0 | വികസന ഫണ്ട് പൂർണ്ണമായും തൻവർഷംതന്നെ ചെലവഴിച്ചെങ്കിലും സ്പിൽ ഓവർ പദ്ധതിയിൽ തനത് ഫണ്ടിനു പകരം പ്ലാൻഫണ്ട് വകയിരുത്തി ചെലവഴിച്ചു |
| | | | | Own Fund | 923586 | 542086 | 381500 | |
| 2 | 35/23 ലൈഫ് മിഷൻ ഭവന പദ്ധതി (എസ് സി) | 250000-Plan General/ 250000-Plan General (Bill No. 22151152027500083816/ 9.05.2022) | 190/22 | Plan General | 1200000 | 1100000 | 100000 | വികസന ഫണ്ടിൽ 100000 രൂപയും ജില്ലാ പഞ്ചായത്ത് ഷെയറിൽ 150000 രൂപയും തൻവർഷം ചെലവഴിക്കാൻ അവശേഷിച്ചിരുന്നെങ്കിലും സ്പിൽ ഓവർ പദ്ധതി പ്രകാരം 250000 രൂപയും പ്ലാൻഫണ്ട് വകയിരുത്തി ചെലവഴിച്ചു |
| | | | | Own Fund | 100000 | 100000 | 0 | |
| | | | | Share From Other Lsgs | 150000 | 150000 | 0 | |
| | | | | Share From DP | 150000 | 0 | 150000 | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/15.12.2023) മറുപടി ലഭ്യമാക്കില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ക്രമ നമ്പർ 2 പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം/വാല്യുവേഷൻ/ ഫോട്ടോസ് എന്നിവയൊന്നും ലഭ്യമാക്കാതെയാണ് തുക നൽകിയതെന്ന് വ്യക്തമായി . അനുബന്ധ രേഖകൾ പരിശോധനക്കായി (ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (33/15.12.2023)ക്ക് മറുപടി

ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ) ലഭ്യമാക്കുന്നതു വരെ ചെലവു തുക 250000/- രൂപ തടസ്സം ചെയ്യുന്നു.

## 1-31 വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ - വിതരണ വിവരം ലഭ്യമായില്ല

പ്രോജക്റ്റ് : 140/23 വനിതകൾക്ക് മുട്ടക്കോഴി വളർത്തൽ

അടങ്കൽ : 1018150 (Plan General)+ 50 (Own Fund)

വെറ്ററിനറി സർജൻ നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം 1697 ഗുണഭോക്താക്കൾക്ക് 5വീതം മുട്ടക്കോഴി കുഞ്ഞുങ്ങളെ വാങ്ങി നൽകുന്നതിനാണ് ലക്ഷ്യം വെച്ചിരുന്നത്. കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് അബ്ബാദ് ഉള്ളാടൻ എഗ്ഗർ നേഴ്സറി, മലബാർ പൗൾട്രി ഫാം എന്നീ സ്ഥാപനങ്ങൾക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഇൻവോയ്സ് നം / തിയ്യതി (തുക) | ബിൽ നമ്പർ/തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | അബ്ബാദ് ഉള്ളാടൻ എഗ്ഗർ നേഴ്സറി | 185/26.11.2022 ( 265800) | 2215115202740090 6431/ 29.11.2022/265800 | 120രൂപ നിരക്കിൽ 2215 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് നൽകിയ തുക |
| 2 | അബ്ബാദ് ഉള്ളാടൻ എഗ്ഗർ നേഴ്സറി | 188/17.12.2022 ( 321000) | 221511520274009 28312/ 19.12.2022/321000 | 120രൂപ നിരക്കിൽ 2675 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് നൽകിയ തുക |
| 3 | മലബാർ പൗൾട്രി ഫാം | 599/21.01.2023 ( 213600) | 221511520274010 93271 / 27.01.2023/213600 | 120രൂപ നിരക്കിൽ 1780 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് നൽകിയ തുക |
| 4 | മലബാർ പൗൾട്രി ഫാം | 628/09.02.2023 ( 217800) | 221511520274013 54859 / 15.03.23(217750) + വൗച്ചർ നമ്പർ 22201062/ 17.03.2023(50) | 120രൂപ നിരക്കിൽ 1815 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് നൽകിയ തുക |

മേൽ ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ കോഴിക്കുഞ്ഞുങ്ങളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (36/16.12.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതു വരെ ചെലവു തുക 10,18,200 രൂപ തടസ്സം ചെയ്യുന്നു.

## 1-32 കുടുംബശ്രീ തൊഴിൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- നടപടി ക്രമങ്ങൾ പാലിച്ചില്ല

പ്രോജക്റ്റ് : 112/23കുടുംബശ്രീ തൊഴിൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്

അടങ്കൽ :200000/-(വികസനം- ജനറൽ) + 50000/- (തനത്)

ചെലവ് : 250000/- (ബിൽ നമ്പർ : 221511520306008860 83/09.12.2022 - 200000)

(വൗച്ചർ നമ്പർ :22200852/28.01.2023 - 50000)

സ.ഉ(കൈ) നം.115/2022/തസ്വഭവ തിയ്യതി 28.05.2022 സബ്സിഡി മാർഗ്ഗരേഖ 7.9.1 പ്രകാരം കുടുംബശ്രീതൊഴിൽ ഗ്രൂപ്പുകൾക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി ഉള്ളതാണ്. ഗ്രൂപ്പുകൾ തിരികെ നൽകുന്ന ഫണ്ട് മറ്റ് ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകുന്നതിനും നിർദ്ദേശമുള്ളതാണ്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന 5 പേർക്കാണ് 50,000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തൊഴിൽ സംരംഭത്തിന്റെ പേര് | വ്യക്തിഗതം/ ഗ്രൂപ്പ് (പ്രോജക്ട് റിപ്പോർട്ട് പ്രകാരം) | തുക |
|---|---|---|---|---|
| 1 | സിന്ധു ഇ.കെ | പരി സ്റ്റോർ | വ്യക്തിഗതം | 50000 |
| 2 | അഫ്സത്ത് ബീഗം | സ്റ്റഡി പോയന്റ് ട്യൂഷൻ സെന്റർ | വ്യക്തിഗതം | 50000 |
| 3 | സ്നേഹിത കുടുബശ്രീ ഹോട്ടൽ | സ്നേഹിത കുടുബശ്രീ ഹോട്ടൽ | ഗ്രൂപ്പ് | 50000 |
| 4 | കോഫ്രഷ് ഫുഡ് പ്രോസസ്സിംഗ് | കോഫ്രഷ് ഫുഡ് പ്രോസസ്സിംഗ് | ഗ്രൂപ്പ് | 50000 |
| 5 | സുബൈദ | ചിപ്പി കാറ്ററിംഗ് യൂണിറ്റ് | ഗ്രൂപ്പ് | 50000 |

(1)സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രൂപ്പുകൾക്കാണ് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് അനുമതിയുള്ളത്. എന്നാൽ ക്രമ നമ്പർ 1,2 എന്നിവ വ്യക്തിഗത സംരംഭങ്ങളാണ്. വ്യക്തികൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയതിന് ആധാരമാക്കിയ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

(2)മേൽ ഗുണഭോക്താക്കളുമായി ചമച്ച കരാർ പ്രകാരം തുക കൈപ്പറ്റി മൂന്ന് മാസത്തിനു ശേഷം പ്രതിമാസ തിരിച്ചടവ് 1250 രൂപ നിരക്കിൽ 40ഗഡുക്കളായി കേരള ഗ്രാമീണ ബാങ്കിന്റെ താണിക്കൽ ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 40165101094352 ലേക്ക് തിരിച്ചടവാക്കേണ്ടതാണ്. തിരിച്ചടവ് മൂന്നിലേറെ തവണ മുടക്കംവരുത്തുന്നവർക്കെതിരെ 4% പിഴ പലിശ ചുമത്തുന്നതാണെന്നും കരാർ നിബന്ധനയുള്ളതാണ്.

ഗുണഭോക്താക്കളുടെ തിരിച്ചടവ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പ്രകാരമാണ് തുക തിരിച്ചടവ് വന്നതായി കാണുന്നത്.

| ക്രമ നമ്പർ | ഗുണഭോക്താവ് | തുക കൈപ്പറ്റിയ തിയ്യതി | കരാർ പ്രകാരം 11/2023 വരെ തിരിച്ചടവാക്കേണ്ട തുക | 11/2023 വരെ തിരിച്ചടവാക്കിയ തുക |
|---|---|---|---|---|
| 1 | സിന്ധു ഇ.കെ | 09.12.2022 | 11250 | 6000 |
| 2 | അഫ്സത്ത് ബീഗം | 09.12.2022 | 11250 | 6000 |
| 3 | സ്നേഹിത കുടുബശ്രീ ഹോട്ടൽ | 09.12.2022 | 11250 | 00 |
| 4 | കോഫ്രഷ് ഫുഡ് പ്രോസസ്സിംഗ് | 09.12.2022 | 11250 | 00 |
| 5 | സുബൈദ | 28.01.2023 | 8750 | 00 |

തുക തിരിച്ചടവാക്കാൻ വൈകിയ ഗുണഭോക്താക്കളിൽ നിന്നും പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (35/16.12.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. വ്യക്തിഗത സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനാധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതു വരെ ചെലവു തുക 100000/- രൂപ തടസ്സം ചെയ്യുന്നു. റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകുന്ന തുക തിരിച്ചടവാക്കുമ്പോൾ മറ്റൊരു ഗ്രൂപ്പിന് നൽകാനാകുമെന്നതിനാൽ തുക തിരിച്ചടവാക്കുന്നതിൽ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

## 1-33 Accepted PAC-യിൽ ലിമിറ്റ് ചെയ്യാതെ കരാറുകാരന് ബിൽ തുക നൽകിയത് സംബന്ധിച്ച് - കരാറുകാരന് അധികം നൽകിയത് 10,061 രൂപ

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ Accepted PAC-യിൽ ലിമിറ്റ് ചെയ്യാതെ കരാറുകാരന് ബിൽ തുക അനുവദിച്ചതിനാൽ അധികച്ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിശദാംശങ്ങൾ | അനുവദിച്ച തുക | അർഹമായ തുക | അധികം |
|---|---|---|---|
| ഉമ്മത്തൂർ അമ്പേക്കാട് കോളനി റോഡ് കോൺക്രീറ്റിംഗ് (9/23)<br>ടി.എസ്-300000 (CFC)<br>ടി.എസ്.നമ്പർ-284/22-23 /13.05.2022<br>കരാറുകാരൻ- ശ്രീ. ഷറഫുദ്ദീൻ .പി<br>PAC- 182100<br>എഗ്രിമെന്റ്-06/22-23, തി-01.09.2022<br>M Book - EM Book<br>വൗച്ചർ നമ്പർ-XVFC/22-23 /P/48/23.12.2022-224939 | ആകെ പ്രവൃത്തി മൂല്യം-190626<br>(+) ജി.എസ്.ടി-34313<br>ആകെ-224939 | ആകെ പ്രവൃത്തി മൂല്യം- 182100<br>(PAC-യിൽ ലിമിറ്റ് ചെയ്താൽ-182100)<br>(+) ജി.എസ്.ടി-32778<br>ആകെ-214878 | 10061 |

| | | | |
|---|---|---|---|
| മൂല്യനിർണ്ണയം - 224939 | | | |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/11.12.23) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ തുക 10,061 രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-34 മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 24,495 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗ്/ടാറിംഗ് ചെയ്യുന്നതിന്റെയും പൈപ്പ് ഇടുന്നതിന്റെയും ഭാഗമായി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പ്രവൃത്തികളിൽ Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം (ശരാശരി 3 മീറ്റർ വീതി) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

1). താണിക്കൽ VIP കോളനി-ചോലക്കൽ റോഡ് നവീകരണം

പ്രവൃത്തിയിൽ ശരാശരി 1.80 മീറ്റർ വീതിയിലും, 44 മീറ്റർ നീളത്തിലും ശരാശരി 0.45 മീറ്റർ ആഴത്തിലും റോഡ് ലെവൽ ചെയ്യുന്നതിനു വേണ്ടി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ശേഷം ഇത്രയും ഭാഗം ക്വാറി മക്ക് ഫിൽ ചെയ്യുകയും കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ( റോഡിന് ശരാശരി 3 മീറ്റർ വീതിയുണ്ട്.) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രൊജക്ട് | (SO124/23) |
| അടങ്കൽ/ ചെലവ് | 150000/ 149790 |
| കരാർ | 26/AE/LSGD/KDR/ 12.01.2023 |
| ടി എസ് | 62674/18.12.2022 (DsoR 2018) |
| Esti.No. | 62674/22-23 |
| BRN | 22151152015301264262/28.02.23 MG (R) |
| കരാറുകാരൻ | മൻസൂർ അലി.V |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% ) | 11493.50/- (31.860 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% ) | 2053.37/- ( 31.860 $M^3$ * 64.45/$m^3$) |
| അധികം നൽകിയ തുക | 11,139/- (le, 9440.13+18% GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 11,139 രൂപ.

2). മങ്ങാട്ടുപുലം റിംഗ് റോഡ് നവീകരണം

പ്രവൃത്തിയിൽ ശരാശരി 1.20 മീറ്റർ വീതിയിലും, 149 മീറ്റർ നീളത്തിലും ശരാശരി 0.20 മീറ്റർ ആഴത്തിലും, റോഡ് ലെവൽ ചെയ്യുന്നതിനു വേണ്ടി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ശേഷം ഇത്രയും ഭാഗം ക്വാറി മക്ക് ഫിൽ ചെയ്യുകയും ടാറിംഗ് ചെയ്യുകയും ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം (എസ്റ്റിമേറ്റ് പ്രകാരം റോഡിൽ ശരാശരി 3 മീറ്റർ വീതിയിൽ ടാറിംഗ് ചെയ്യുന്നുണ്ട്) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | (SO145/23) |
| അടങ്കൽ/ ചെലവ് | 439662/ 439662 |
| കരാർ | 14/AE/LSGD/KDR/ 24.12.2022 |
| ടി എസ് | 20098/26.9.2022 (DsoR 2018) |
| Esti.No. | 20098/22-23 |
| BRN | 22151152015301264244/28.02.23- |

| | |
|---|---|
| | 39662<br>MG (R)<br>22151152015301264244/28.02.23-4,00,000<br>(Plan-G) |
| കരാറുകാരൻ | K.ഷംസുദ്ധീൻ |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 396/$m^3$- Cost Index 36.44% )<br>(360.75/$m^3$- 9.7713% Tender Excess) | 13780.80/-<br>( 34.800 $M^3$ * 396/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 70.74/$m^3$- Cost Index 36.44% )<br>(64.45/$m^3$- 9.7713% Tender Excess) | 2461.75/-<br>( 34.800 $M^3$ * 70.74/$m^3$) |
| അധികം ന<br>ൽകിയ തുക | 13356/- (Ie, 11,319+18% GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 13356 രൂപ.

3). കാച്ചടിപറമ്പ് മദ്രസ്സ-കുടിയതൊടി റോഡ് നവീകരണം

പ്രവൃത്തിയിൽ ശരാശരി 0.90 മീറ്റർ വീതിയിലും, 50.500 മീറ്റർ നീളത്തിലും ശരാശരി 0.30 മീറ്റർ ആഴത്തിലും, പൈപ്പ് ഇടുന്നതിന് വേണ്ടി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പൈപ്പ് ഇട്ടതിന് ശേഷം ഇത്രയും ഭാഗം ക്വാറി മക്ക് ഫിൽ ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം (എസ്റ്റിമേറ്റ് പ്രകാരം റോഡിൽ ശരാശരി 3 മീറ്റർ വീതിയിൽ ഇന്റർലോക്ക് വിരിക്കുന്നുണ്ട്) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രൊജക്ട് | (SO152/23) |
| അടങ്കൽ/ ചെലവ് | 3,00.000/ 2,99,792 |
| കരാർ | 32/AE/LSGD/KDR/ 19.01.2023 |
| ടി എസ് | 75905/1.12.2022 (DsoR 2018) |
| Esti.No. | 75905/21-22 |
| BRN | 22151152015301482061/25.03.23<br>MG (R) |
| കരാറുകാരൻ | അഫ്ലത്താബ് യോഗ്യൻ |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% ) | 4995.31/-<br>(13.847 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% ) | 892.43/-<br>( 13.847 $M^3$ * 64.45/$m^3$) |
| അധികം നൽകിയ തുക | 4841/- (Ie, 4102.88+18% GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 4841 രൂപ.

4). അറക്കൽ പടി പൊൻമാംകുണ്ട് റോഡ് നവീകരണം

പ്രവൃത്തിയിൽ ശരാശരി 0.90 മീറ്റർ വീതിയിലും, 77.500 മീറ്റർ നീളത്തിലും ശരാശരി 0.30 മീറ്റർ ആഴത്തിലും, പൈപ്പ് ഇടുന്നതിന് വേണ്ടി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പൈപ്പ് ഇട്ടതിന് ശേഷം ഇത്രയും ഭാഗം ക്വാറി മക്ക് ഫിൽ ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator

എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം (എസ്റ്റിമേറ്റ് പ്രകാരം റോഡിൽ ശരാശരി 3 മീറ്റർ വീതിയിൽ ടാറിംഗ് ചെയ്യുന്നുണ്ട്) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | (SO103/23) |
| അടങ്കൽ/ ചെലവ് | 396000/ 385701 |
| കരാർ | 36/AE/LSGD/KDR/ 23.01.2023 |
| ടി എസ് | 17475/01.12.2022 (DsoR 2018) |
| Esti.No. | 17475/21-22 |
| BRN | 2215115201530157804O/31.0.323 MG (R) |
| കരാറുകാരൻ | PM. അബൂബക്കർ |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% ) | 6745.30/- (18.698 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% ) | 1205.08/- ( 18.698 $M^3$ * 64.45/$m^3$) |
| അധികം ന ൽകിയ തുക | 6537/- (le, 5540+18% GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 6537 രൂപ.

പ്രവൃത്തികളിൽ ആകെ അധികം നൽകിയത് - 35873 രൂപ

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (13/12.12.23, 21/14.12.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 35873 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-35 കിളിയമണ്ണിൽ കനാൽ നിർമ്മാണം- അപാകത – കരാറുകാരന് അധികം നൽകിയ തുക – 7312 രൂപ – പ്രവൃത്തിയിലുണ്ടായ അനാവശ്യ ചെലവ് 55032 രൂപ

പ്രോജക്റ്റ് നമ്പർ - SO058/23

ഫണ്ട് -CFC – 400000

BR No.- XVFC/2022-23/P/37/24.9.22 – 399912

മൂല്യ നിർണ്ണയം - 399912 (GST ഉൾപ്പെടെ)

അളവ് പുസ്തകം- 203/20-21

കരാറുകാരൻ - മൻസൂർ അലി.V

കരാർ. AE/LSGD/KDR/72/21-22 Dtd.30.3.22

TS-90437/4.3.22

Cost Index – 36.44% (2018 MoRD)

അസി. എഞ്ചിനീയർ നിർവഹണം നടത്തിയ കിളിയമണ്ണിൽ കനാൽ നിർമ്മാണം എന്ന പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള മൺ കനാലിന്റെ ഡ്രൈനേജ് നിർമ്മാണത്തിന് 108.5 മീറ്റർ നീളത്തിലും 1.00 മീറ്റർ വീതിയിലും 20 Cm ആഴത്തിലും മണ്ണ് കിളച്ചെടുത്ത് ഇതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റിംഗ് (1:3:6 CC ( PCC)- MoRD (OD) 11.4.1.1) ) 10 Cm കനത്തിൽ ചെയ്ത് അതിന് മുകളിലായി 10 Cm കനത്തിൽ വീണ്ടും ബെഡ് കോൺക്രീറ്റിംഗ് (( RCC)- MoRD 11.4.4) ) ഇരു വശത്തും ഫോം വർക്ക് (MoRD 11.4.2.1) ചെയ്യുകയും ചെയ്യുന്നു. (റോഡുമായി ബന്ധപ്പെട്ട് കിടക്കുന്ന കനാലാണിത്)

പ്രവൃത്തിയുടെ ഭാഗമായി അളവ് പുസ്തകം ഇനം 2 പ്രകാരം 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് (PCC) ചെയ്തതിന് 80037.63 (10.615 M3x7540.05/m3) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന് മുകളിലായി ഇനം 3 പ്രകാരം 10 Cm കനത്തിൽ വീണ്ടും കോൺക്രീറ്റിംഗ് ((RCC) MoRD 11.4.4) ചെയ്തിട്ടുണ്ട്. 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് (PCC) ചെയ്തതിന് മുകളിലായി MoRD OD 75.8.1.1.A (Wearing Coat) പ്രകാരമുള്ള കോൺക്രീറ്റിംഗ് ആണ് ചെയ്യേണ്ടത്. ഇതിന് പകരം RCCകോൺക്രീറ്റിംഗ് ചെയ്തത് ക്രമപ്രകാരമല്ല. മേൽ

പ്രവൃത്തിയുടെ Second Phase (Project No. SO071/23) തൻ വർഷം തന്നെ ചെയ്തതിൽ 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് (PCC) ചെയ്തതിന് മുകളിലായി വിയറിംഗ് കോട്ടിനുള്ള ( MoRD OD 75.8.1.1.A)) കോൺക്രീറ്റിംഗ് ആണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം RCCകോൺക്രീറ്റിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല.

10 Cm കനത്തിൽ വിയറിംഗ് കോട്ടിന് (Concreting -( MoRD OD 75.8.1.1.A)) അനുവദിക്കാവുന്ന തുക – 10.615 M3 X 8027.65/m3 = 85213.50

10 Cm കനത്തിൽ കോൺക്രീറ്റിംഗിന് (( RCC)- MoRD 11.4.4) ) അനുവദിച്ച തുക - 10.615 M3x8642.72/m3) = 91742.47രൂപ

**കരാറുകാരന് അധികം അനുവദിച്ച തുക – 6528.97 + 12% GST = 7312**

2. നിലവിൽ ഭാരമേറിയ വാഹനങ്ങൾ കടന്നു പോകുന്ന കോൺക്രീറ്റ് റോഡിന് പോലും 15 Cm കനം മാത്രമാണ് നൽകി വരുന്നത് എന്നിരിക്കെ വെള്ളം മാത്രം ഒഴുകുന്ന ഡ്രൈനേജിന്റെ കോൺക്രീറ്റിംഗിന് വേണ്ടി 20 Cm കനം കൊടുത്തത് വഴി അനാവശ്യ ചെലവുണ്ടായി. വിയറിംഗ് കോട്ട് 5 Cm കനത്തിൽ നൽകിയിരുന്നെങ്കിൽ താഴെ പറയും പ്രകാരം അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

10 Cm കനത്തിൽ വീണ്ടും കോൺക്രീറ്റിംഗിന് (( RCC)- MoRD 11.4.4) ) അനുവദിച്ച തുക - 10.615 M3x8642.72/m3) = 91742.47രൂപ

വിയറിംഗ് കോട്ട് 5 Cm കനത്തിൽ ചെയ്യുകയാണെങ്കിൽ അനുവദിക്കാവുന്ന തുക

(10.615 M3 X 5cm/10cm = 5.3075 M3)

5.3075 M3 X 8027.65/m3 = 42606.75

അധികം – 91742.47 – 42606.75 = 49135.72 + 12% GST = 55032 രൂപ

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/13.12.23) , അപാകതകളിലെ ക്രമ നമ്പർ 1 ന് മറുപടി ലഭ്യമാക്കിയില്ല.

ക്രമ നമ്പർ 2 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

Environmental Exposure Condition നമ്മുടെ നാട്ടിൽ മോഡറേറ്റ് ആയാണ് കണക്കാക്കപ്പെടുന്നത്. IS Code 456-2000 Clause 6.1.2,8.2.4.1,9.1.2 Table 5 പ്രകാരം Moderate Exposure Condition ൽ ഉപയോഗിക്കേണ്ട മിനിമം Grade Of Concrete M15 (1:2:4 CC) ആകുന്നു. അതിനാൽ തന്നെ Full Open Air ആയി നിർമ്മിക്കുന്ന ഡ്രൈനേജിന്റെ Long Life Durabilty പരിഗണിക്കുമ്പോൾ കോൺക്രീറ്റ് മിക്സിന് വലിയ പ്രാധാന്യം നൽകേണ്ടതുണ്ട്. IS Code 456-2000 Clause 8.1.1 പ്രകാരം Environment, Cover To Embedded Steel, Type And Quality Of Constituent Meterial, Cement Concrete And Water Content Ratio തുടങ്ങിയവ പ്രവൃത്തിയുടെ Durability യെ സ്വാധീനിക്കുന്നുണ്ട്. അതിനാൽ Steel Reinforcement Provide ചെയ്യുന്ന കോൺക്രീറ്റ് വർക്കുകളിൽ അവയുടെ കവറിന് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്. 1:3:6 Bed Pcc കൊടുക്കുന്നതിന് മേലെ 5 Cm കനത്തിൽ Wearing Coat ആയി 1:2:4 Mix നൽകുമ്പോൾ സ്റ്റീലിന് മതിയായ കവറിംഗ് ലഭിക്കുകയില്ല. അതുപോലെ സ്റ്റീൽ നൽകുന്നത് 1:3:6 ൽ ആയാൽ ഭാവിയിൽ സ്റ്റീൽ തുരുമ്പെടുക്കാനും സ്ട്രക്ച്ചർ തകരാറിലാകാനും സാധ്യതയുണ്ട്. അതിനാൽ തന്നെ Bed PCC ക്ക് മുകളിലായി 10 Cm കനത്തിൽ M15 Grade Concrete ചെയ്യുമ്പോൾ സ്റ്റീലിന് മതിയായ കവറിംഗ് ലഭിക്കുകയും സ്ട്രക്ച്ചറിന് Long Durabilty കിട്ടുകയും ചെയ്യുന്നു. IS Code 456-2000 Clause 8.2.3.1 പ്രകാരം കോൺക്രീറ്റിംഗിനുള്ളിലെ സ്റ്റീലിന്റെ ഉറപ്പ് നിർണ്ണയിക്കുന്നതിൽ ഗുണനിലവാരമുള്ള കോൺക്രീറ്റിംഗിന്റെ Thickness ആണ് മുഖ്യ പങ്ക് വഹിക്കുന്നത്. എന്നാൽ Moderate Exposure Condition ൽ ഉപയോഗിക്കേണ്ട മിനിമം Grade Of Concrete M15 ലും കുറഞ്ഞ Lean Mix ഉപയോഗിച്ച് ചെയ്ത പല സ്ട്രക്ച്ചറുകളും കുറച്ച് കാലം കഴിഞ്ഞ് കേടുവന്നിട്ടുണ്ട്. 10 Cm കനത്തിൽ മേൽ പ്രവൃത്തിയിൽ 1:2:4 CC നൽകിയത് തീർത്തും Economical ആണ്.

എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല.

1. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്ത ശേഷമാണ് തൻവർഷത്തിൽ തന്നെ നിർവഹിച്ച താഴെ പറയുന്ന പ്രവൃത്തികൾക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തികളിൽ ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റിംഗിനു മുകളിലായി ചെയ്ത വിയറിംഗ് കോട്ടിന് (1:2:4 CC) 5 Cm കനം മാത്രമാണ് നൽകിയിട്ടുള്ളത്.

| പ്രോജക്റ്റ് | പ്രവൃത്തി | സാങ്കേതിക അനുമതി | ചെലവ് |
|---|---|---|---|
| **01/23** | **ചോലക്കൽ റോഡ് ഡ്രൈനേജ്**<br>**(CFC)** | 60942/28.11.2022 | 435824<br>(Vr.No.XVFC/22-23/P/90/16.3.23) |
| **02/23** | **വരിക്കോട് പള്ളിപ്പടി കാലൻ പറമ്പ് പയങ്ങര റോഡ് ഡ്രൈനേജ്**<br>**(CFC)** | 42805/28.10.2022 | 347325<br>(Vr.No.XVFC/22-23/P/71/03.3.23) |

**2.** ഡ്രൈനേജ് പ്രവൃത്തികളിൽ Bed PCC ക്ക് മുകളിലായി 10 Cm കനത്തിൽ M15 Grade Concrete ചെയ്യണമെന്ന് നിർദേശിച്ച് കൊണ്ട് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥ തലത്തിൽ നിന്നും യാതൊരുവിധ ഉത്തരവുകൾ/സർക്കുലറുകൾ നൽകിയിട്ടില്ല.
3. ഒരേ ഉദ്യോഗസ്ഥർ തന്നെയാണ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 3 പ്രവൃത്തികൾക്കു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും സാങ്കേതികാനുമതി നൽകിയിട്ടുള്ളതും.

പ്രവൃത്തിയിൽ അധികം നൽകിയ 7312 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ വിയറിംഗ് കോട്ടിന് അധിക കനം നൽകിയതിനുള്ള മറുപടി മേൽ കാരണങ്ങളാൽ അംഗീകരിക്കുന്നില്ല. ഈയിനത്തിലെ അധിക ചെലവ് **55032 രൂപ** തടസ്സം ചെയ്യുന്നു.

## 1-36 കിളിയമണ്ണിൽ കനാൽ (രണ്ടാം ഘട്ടം) നിർമ്മാണം- ബെഡ് കോൺക്രീറ്റിംഗിന് അനാവശ്യ കനം നൽകി - പ്രവൃത്തിയിലുണ്ടായ അധികച്ചെലവ് - 48660 രൂപ

പ്രോജക്റ്റ് നമ്പർ - SO071/23

ഫണ്ട് -Plan (G) – 527500

BR No.- 2215115201530057 0248/24.9.22 – 526202

മൂല്യ നിർണ്ണയം - 526202 (GST ഉൾപ്പെടെ)

അളവ് പുസ്തകം- 205/21-22

കരാറുകാരൻ - ഷംസുദ്ധീൻ.K

കരാർ. AE/LSGD/KTPM/76/21-22 Dtd.31.3.22

TS-94850/19.3.22

Est.No -2022/13595

Cost Index – 36.44% (2018 MoRD)

അസി. എഞ്ചിനീയർ നിർവഹണം നടത്തിയ കിളിയമണ്ണിൽ കനാൽ (രണ്ടാം ഘട്ടം) നിർമ്മാണം എന്ന പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതക കാണ്ടു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഡ്രൈനേജ് നിർമ്മാണത്തിന് 95.5 മീറ്റർ നീളത്തിലും 1.00 മീറ്റർ വീതിയിലും മണ്ണ് കിളച്ചെടുത്ത് ഇതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റിംഗ് (1:3:6 CC - MoRD (OD) 11.4.1.1) ) 10 Cm കനത്തിൽ ചെയ്ത്, 10 Cm കനത്തിൽ വിയറിംഗ് കോട്ട് ( MoRD 75.8.1.1.A) ചെയ്യുകയും ഇരു വശത്തും ഫോം വർക്ക് (MoRD 11.4.2.1) ചെയ്യുകയും ചെയ്യുന്നു.

അളവ് പുസ്തകം ഇനം 2 പ്രകാരം 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് ചെയ്തതിന് 81620.50 (10.825m3x7540/m3) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന് മുകളിലായി ഇനം 3 പ്രകാരം 10 Cm കനത്തിൽ വിയറിംഗ് കോട്ട് (1:2:4 CC) ചെയ്തിട്ടുണ്ട്. നിലവിൽ ഭാരമേറിയ വാഹനങ്ങൾ കടന്നു പോകുന്ന കോൺക്രീറ്റ് റോഡിന് പോലും 15 Cm കനം മാത്രമാണ് നൽകി വരുന്നത് എന്നിരിക്കെ വെള്ളം മാത്രം ഒഴുകുന്ന ഡ്രൈനേജിന്റെ കോൺക്രീറ്റിംഗിന് വേണ്ടി 20cm കനം കൊടുത്തത് വഴി അനാവശ്യ ചെലവുണ്ടായി. വിയറിംഗ് കോട്ട് 5 Cm കനത്തിൽ നൽകിയിരുന്നെങ്കിൽ താഴെ പറയും പ്രകാരം അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

(വിയറിംഗ് കോട്ടിന് അനുവദിച്ച തുക – 10.825m3x8027/m3 (Tender Below 8027.65 M3-0.0081%) = **86892.28 )**

(വിയറിംഗ് കോട്ട് ചെയ്ത അളവ് -10.825m3)

വിയറിംഗ് കോട്ട് 5 Cm കനത്തിൽ ചെയ്യുകയാണെങ്കിൽ അനുവദിക്കാവുന്ന തുക

10.825 M3 X 5cm/10cm = 5.4125 M3

5.4125 M3 X 8027/m3 = 43446.13

**അധികം - 86892.28 – 43446.13 = 43446 + 12% GST = 48660**

വിയറിംഗ് കോട്ടിന് അധിക കനം നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/12.12.23) മറുപടി ലഭ്യമാക്കി. (മറുപടി ഖണ്ഡിക 1-35 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല.

1. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്ത ശേഷമാണ് തൻവർഷത്തിൽ തന്നെ നിർവഹിച്ച താഴെ പറയുന്ന പ്രവൃത്തികൾക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തികളിൽ ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റിംഗിനു മുകളിലായി ചെയ്ത വിയറിംഗ് കോട്ടിന് (1:2:4 CC) 5 Cm കനം മാത്രമാണ് നൽകിയിട്ടുള്ളത്.

| പ്രോജക്റ്റ് | പ്രവൃത്തി | സാങ്കേതിക അനുമതി | ചെലവ് |
|---|---|---|---|
| **01/23** | **ചോലക്കൽ റോഡ് ഡ്രൈനേജ്**<br>**(CFC)** | 60942/28.11.2022 | 435824<br>(Vr.No.XVFC/22-23/P/90/16.3.23) |
| **02/23** | **വരിക്കോട് പള്ളിപ്പടി കാലൻ പറമ്പ് പയങ്ങര റോഡ് ഡ്രൈനേജ്**<br>**(CFC)** | 42805/28.10.2022 | 347325<br>(Vr.No.XVFC/22-23/P/71/03.3.23) |

**2.** ഡ്രൈനേജ് പ്രവൃത്തികളിൽ Bed PCC ക്ക് മുകളിലായി 10 Cm കനത്തിൽ M15 Grade Concrete ചെയ്യണമെന്ന് നിർദേശിച്ച കൊണ്ട് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥ തലത്തിൽ നിന്നും യാതൊരുവിധ ഉത്തരവുകൾ/സർക്കുലറുകൾ നൽകിയിട്ടില്ല.
3. ഒരേ ഉദ്യോഗസ്ഥർ തന്നെയാണ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 3 പ്രവൃത്തികൾക്ക വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും സാങ്കേതികാനുമതി നൽകിയിട്ടുള്ളതും.

വിയറിംഗ് കോട്ടിന് അധിക കനം നൽകിയതിനുള്ള മറുപടി മേൽ കാരണങ്ങളാൽ അംഗീകരിക്കുന്നില്ല. അനാവശ്യ കനം നൽകിയത് സംബന്ധിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ലാത്തതിനാൽ ഈയിനത്തിലെ അധിക ചെലവ് **48660 രൂപ** തടസ്സം ചെയ്യുന്നു.

## 1-37 പുതിയ PHC കെട്ടിടത്തിന് സംരക്ഷണം -പ്രവൃത്തി അപാകത - കരാറുകാരന് അധികം നൽകിയത് 4484

രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുതിയ PHC കെട്ടിടത്തിന് സംരക്ഷണം **(SO087/23)** എന്ന പ്രവൃത്തിയുടെ അധിക ഇനം 1 പ്രകാരം ഹാർഡ് റോക്ക് കുഴിച്ചെടുത്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 3.9.2.B പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. പ്രവൃത്തിക്ക് വേണ്ടി DSR പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ Hard Rock എസ്കവേറ്റ് ചെയ്ത് നീക്കം ചെയ്യുന്നതിന് അധിക ഇനം 1 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് MoRD സ്പെസിഫിക്കേഷൻ കോഡ് 3.9.2.B പ്രകാരമുള്ള നിരക്കാണ്. തെറ്റായ കോഡ് അനുവദിച്ചത് കാരണം പ്രവൃത്തിയിൽ താഴെ പറയും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രവൃത്തി സ്ഥലത്ത് Hard Rock എസ്കവേറ്റ് ചെയ്ത് നീക്കം ചെയ്യേണ്ടി വന്നതിനാലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അധിക ഇനം ഉൾപ്പെടുത്തിയിട്ടുള്ളത്. DSR സ്പെസിഫിക്കേഷൻ പ്രകാരം ഈ ഇനത്തിന് അനുവദിക്കാവുന്നത് DSR Code 2.7.3 പ്രകാരമുള്ള നിരക്കാണ്. ( ഫൗണ്ടേഷൻ 20 Cm കനത്തിലും Road Portion 75 Cm കനത്തിലുമാണ് Hard Rock നീക്കം ചെയ്തിട്ടുള്ളത്.)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12% GST അടക്കം) |
|---|---|---|---|---|
| **പുതിയ PHC കെട്ടിടത്തിന് സംരക്ഷണം (SO087/23)**<br>BRN-22151152015300424734/17.8.2022 തുക 349309<br>മൂല്യനിർണ്ണയം -349309<br>ഫണ്ട് - MG(NR)<br>സാങ്കേതികാനുമതി 14572/27.07.2021-450000<br>കരാർ 11/24.8.2021<br>കോൺട്രാക്ടർ. ശ്രീ.ജംഷീർ.OK<br>അളവ് പുസ്തകം 64/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016) | 9.635$m^3$ | 11829.95<br>**@1227.81/$m^3$** | 7826.51<br>@812.30/$m^3$ | 4484<br>(4003.44+12% GST) |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/12-12-2023)മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 4484 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-38 മരാമത്ത് പ്രവൃത്തികളിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല -നഷ്ടം 43251 രൂപ

കേരള പൊതു മരാമത്ത് മാന്വലിലെ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടിവരുന്ന സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. മേൽ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവിന് ശേഷമുള്ള ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കരാറുകാരന്റെ വീഴ്ച്ച മൂലം കാരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 1). പ്രൊജക്ട്: GMLPS കുട്ടശ്ശേരികളമ്പ് സ്കൂൾ ഷീറ്റ് പ്രവൃത്തി (SO070/23) | |
|---|---|
| Agr.No: 79/AE/LSGD/KDR/31.3.2022 | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
| TS No. 95447/22.03.2022 | 3117/-<br>[Ie, 31.07.2022 To 30.10.2022 (1%PAC)= 2750/- |
| Est. No - 2022/13427 | |
| M.Book No: 110/21-22 | |
| PAC: 275000/- | |

| | |
|---|---|
| BR.No: 2215152015300802324/22.11.2022 (MG-R) | 31.10.2022 To 5.11.2022 (2%PAC)= 367/-} |
| സൈറ്റ് കൈമാറിയത്: 31.3.2022 | |
| പൂർത്തീകരിക്കേണ്ട തിയ്യതി: 30.07.2022 (4 മാസം) (As Per TS Slip) | |
| പൂർത്തീകരിച്ച തിയ്യതി: 5.11.2022 | |
| കരാറുകാരൻ: അഫ്ത്താബ് യോഗ്യൻ | |

| 2.പ്രൊജക്റ്റ്: വലിയാട് പള്ളിയാൽ തൊടി പാലക്കൽ പ്രവൃത്തി (SO084/23) | |
|---|---|
| Agr.No: 02/AE/LSGD/KDR/13.4.2022 | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
| TS No. 62827/05.12.2022 | 31467/- [le, 13.06.2022 To 12.09.2022 (1%PAC)= 6000/- 13.09.2022 To 12.12.2022 (2%PAC)= 12000/- 13.12.2022 To 12.03.2022 (2%PAC)= 12000/- 13.03.2022 To 23.03.2022 (2%PAC)= 1467/-(12000x11/90)} |
| Est. No - 2021/82766 | |
| M.Book No: 55/22-23 | |
| PAC: 6,00,000/- (ടെണ്ടറിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ ക്വട്ടേഷൻ മുഖേനയുള്ള പ്രവൃത്തി) | |
| BR.No: 2215152015301489739/27.3.2023 (MG-R) | |
| സൈറ്റ് കൈമാറിയത്: 13.4.2022 | |
| പൂർത്തീകരിക്കേണ്ട തിയ്യതി: 12.06.2022 (2 മാസം) (As Per Quatation Notice-No.01/AE /LSGD/KDR/2021/14.3.22) | |
| പൂർത്തീകരിച്ച തിയ്യതി: 23.3.2023 | |
| കരാറുകാരൻ: അഫ്ത്താബ് യോഗ്യൻ | |

| 3.അറപ്പക്കൽ മാരാംകടവ് തോട് സംരക്ഷണ പ്രവൃത്തി (SO062/23) | |
|---|---|
| Agr.No: 66/AE/LSGD /KDR/07.03.2022 | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
| TS No. 86017/19.02.2022 | 8667/- [le, 07.09.2022 To 06.12.2022 (1%PAC)= 2500/- 07.12.2022 To 06.03.2023 (2%PAC)= 5000/- 07.03.2023 To 27.03.2023 (2%PAC)= 1167/-(5000x21/90)} |
| Est. No - 2022/2329 | |
| M.Book No: 64/22-23 | |
| PAC: 2,50,000/- | |
| VR.No: XVFC/22-23/P/103 /30.3.2023 (CFC) | |
| സൈറ്റ് കൈമാറിയത്: 07.03.2022 | |
| പൂർത്തീകരിക്കേണ്ട തിയ്യതി: 06.09.2022 (6 മാസം) (As Per TS Slip) | |
| പൂർത്തീകരിച്ച തിയ്യതി: 27.03.2023 | |
| കരാറുകാരൻ: ഷാഹിർ. U | |

ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.12.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളിൽ ഫൈൻ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം പ്രവൃത്തികൾക്ക് പേമെന്റ് അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-39 അൽപ്പറ്റകുളമ്പ് PKM School Toilet നിർമ്മാണം - റാന്റം റബിൾ (RR) മേസനറി - അധിക നിരക്ക് നൽകി

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി റാന്റം റബിൾ മേസനറി പ്രവൃത്തി ചെയ്തതിന് DAR Code 7.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. നിരക്കാണ് നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഓരോ ഘന യൂണിറ്റിലും സിമന്റ് കോൺക്രീറ്റ് ലെവലിങ് കൂടി ഉൾപെടുന്നുണ്ട്. എന്നാൽ സിമന്റ് കോൺക്രീറ്റ് ലെവലിങ് ഓരോ ഘന യൂണിറ്റിലും ആവശ്യമില്ലാത്തതിനാൽ ഇതിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് നൽകേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|
| അൽപ്പറ്റകുളമ്പ് PKM School Toilet നിർമ്മാണം (SO064/23)<br>ഫണ്ട് - SSS (State Sponsored Scheme Fund) & CFC<br>Vr No.- 22200563/29.10.22- 309000<br>Vr No.- XVFC/2022-23/P/43/27.10.22-357400<br>മൂല്യനിർണ്ണയം (GST ഉൾപ്പെടെ) - 666400<br>കരാർ 65/7.3.2022<br>അളവ് പുസ്തകം 56/21-22<br>കരാറുകാരൻ- മുഹമ്മദ്.K<br>കോസ്റ്റ് ഇൻഡക്സ് 36.44% (DsoR 2018)<br>TS No-78922/27.1.22<br>Est.No-2021/4730 | 4.968 $M^3$<br>ഇനം 3 | 36013.03<br>@7249/$m^3$<br>(7249.94/m3-0.013% = 7249) | 35223.12<br>@7090/$m^3$<br>(7090.87/m3-0.013% = 7090) | 885<br>(789.91+12 GST) |

അധിക നിരക്ക് നൽകിയത് കാരണം പ്രവർത്തിയിൽ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/8.12.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-40 എസ്.എസ്.കെ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രൊജക്ട് : എസ്.എസ്.എ വിഹിതം നൽകൽ

നം : S019/2023

അടങ്കൽ - 10,00,000

ചെലവ്- ഫിനാൻസ് കമ്മീഷൻ അവാർഡ് - 10,00,000

വൗച്ചർ നം. XVFC/2022-23/P/60/21-1-2023 : 10,00,000

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 10,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 10,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/15.12.23) \മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-41 പത്രപരസ്യം -15% ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 288/2014/ഐ.ആന്റ്.പി.ആർ.ഡി തീ.10-09-2014 പ്രകാരം പരസ്യങ്ങൾ ഐ.ആന്റ്.പി.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം, നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കുറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ചു നൽകുകയാണ് ചെയ്തത്.

| ക്ര.നം | വൗച്ചർ നം./തുക | സ്ഥാപനം | ഇൻവോയ്സ് നം | തുക |
|---|---|---|---|---|
| 1 | 22200142/27-05-2022 : 14070 | ദ മലയാള മനോരമ കമ്പനി പ്രൈ.ലി, കോട്ടയം | KB0428011534/17-05-2022 | 3570 |
| 2 | | എക്സ്പ്രസ് പബ്ലിക്കേഷൻസ് (മധുര) പ്രൈ.ലി, കോഴിക്കോട് | KLI4055247/20-05-2022 | 10,500 |
| 3 | 22200368/10-08-2022 : 14700 | എക്സ്പ്രസ് പബ്ലിക്കേഷൻസ് (മധുര) പ്രൈ.ലി, കോഴിക്കോട് | KLI4058011/29-07-2022 | 14700 |
| 4 | 22200760/29-12-2022 : 63588 | ദ മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലി, മലപ്പുറം | 321000090172/09-12-2022 : 11995<br>321000090173/09-12-2022 : 21991 | 58447 |
| 5 | | എക്സ്പ്രസ് പബ്ലിക്കേഷൻസ് (മധുര) പ്രൈ.ലി, കോഴിക്കോട് | KLI4064131/09-12-2022 : 16800 | |
| 6 | | ദ മലയാള മനോരമ കമ്പനി പ്രൈ.ലി, കോട്ടയം | KJ0442007995/10-12-2022 : 7661 | |

15% കുറവ് ചെയ്യാതെ തുക നൽകിയതിന് കാരണം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 07/11-12-2023 ന് അറിവില്ലായ്മ മൂലം സംഭവിച്ചതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് - പുളിയാട്ടുകുളം അംഗൻവാടി നിർമ്മാണം

നം. S0096/2023

BRN : 22151152009801371998/15-03-2023 : 4,18,456(വികസന ഫണ്ട്)

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം പുളിയാട്ടുകുളം അംഗൻവാടി നിർമ്മാണത്തിനായി MGNREGS ന്റെ തിരുവനന്തപുരം ട്രഷറി അക്കൗണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 4,18,456രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/11-12-2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 4,18,456രൂപ തടസ്സം ചെയ്യുന്നു.

## 1- 43 ഇലക്ട്രിക്കൽ പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രൊജക്ട് : കൃഷി ഭവൻ കെട്ടിടത്തിന് കറന്റും അനുബന്ധ ഉപകരണങ്ങൾ വാങ്ങലും

നം : S0076/2023

അടങ്കൽ - 2,00,000 (MG-NR)

BRN : 22151152009800603797/01-10-2022 : 1,70,799
ബിൽ നം.270/17-02-2023 : 6054

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സ.ഉ (കൈ) നം 84/2022/ തസ്വഭവ തി.19.04.2022 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ഏറ്റെടുത്തു നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനും LSGD എക്സി. എഞ്ചിനീയർ ഉൾപ്പെടുന്നതും PWD, KSEB, Electrical Inspectorate എന്നിവിടങ്ങളിൽ നിന്ന് വിരമിച്ചവരുമായ യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ (TechnicalCommittee) ജില്ലാആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണ്. LSGD എക്സി. എഞ്ചിനീയർ Technical Committee യുടെ കൺവീനർ ആയിരിക്കും. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം കൺവീനർ അനുവദിക്കേണ്ടതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ്

തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് Technical Committee യിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. കരാറിൽ ചുമതലകളും വ്യവസ്ഥകളും വ്യക്തമാക്കുകയും സമ്മതപത്രം വാങ്ങുകയും വേണം. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. കൂടാതെ പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയുടെ 1.5% തുക (കുറഞ്ഞത് 2000 രൂപ, പരമാവധി 200000 രൂപ) പ്രതിഫലം ആയി നൽകാവുന്നതാണ്. പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുന്നതിനും ടെക്നിക്കൽ കമ്മിറ്റിയിലെ ഒരംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ നിർവ്വഹണ മേൽ നോട്ടം നടത്തി അളവുകൾ രേഖപ്പെടുത്തിയ അതേ അംഗത്തെ തന്നെ ചെക്ക് മെഷർ നടത്തുന്നതിന് നിയോഗിക്കാൻ പാടില്ല. ചെക്ക് മെഷർ ചെയ്യുന്നതിന് പ്രതിഫലമായി എസ്റ്റിമേറ്റ് തുകയുടെ 0.5% തുക (കുറഞ്ഞത് 1000 രൂപ, പരമാവധി 50000 രൂപ) നൽകാവുന്നതാണ്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ ഇലക്ട്രിക്കൽ പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകത കാണുന്നു -

1). ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം എഞ്ചിനിയറെ തെരഞ്ഞെടുത്തതായും കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല.

2) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക, പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തുക എന്നിവക്കായുള്ള ഓണറേറിയം മുഴുവനായും (4232 രൂപ) അബൂബക്കർ സി.കെ എന്ന വ്യക്തിയുടെ 67156870219-ാം നമ്പർ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്.

3). പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽ നിന്ന് ടേംസ് ഓഫ് റഫറൻസ് നൽകി സമ്മതപത്രം വാങ്ങിയതായും കാണുന്നില്ല.

2021-22വർഷത്തില് വിഭാവന ചെയ്ത് 2022-23 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയതിനാലാണ് സ.ഉ (കൈ) നം 84/2022/തസ്വഭവ തി.19.04.2022 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് എന്നാണ് 05/11-12-2023 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 Accepted PAC-യിൽ ലിമിറ്റ് ചെയ്യാതെ കരാറുകാരന് ബിൽ തുക നൽകിയത് സംബന്ധിച്ച് - കരാറുകാരന് അധികം നൽകിയത് 10,061 രൂപ

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ Accepted PAC-യിൽ ലിമിറ്റ് ചെയ്യാതെ കരാറുകാരന് ബിൽ തുക അനുവദിച്ചതിനാൽ അധികച്ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് വിശദാംശങ്ങൾ | അനുവദിച്ച തുക | അർഹമായ തുക | അധികം |
|---|---|---|---|
| ഉമ്മത്തൂർ അമ്പേക്കാട് കോളനി റോഡ് കോൺക്രീറ്റിംഗ് (9/23)<br>ടി.എസ്-300000 (CFC)<br>ടി.എസ്.നമ്പർ-284/22-23 /13.05.2022<br>കരാറുകാരൻ- ശ്രീ. ഷറഫുദ്ദീൻ .പി<br>PAC- 182100<br>എഗ്രിമെന്റ്-06/22-23, തി-01.09.2022 | ആകെ പ്രവൃത്തി മൂല്യം- 190626<br>(+) ജി.എസ്.ടി- 34313<br>ആകെ- 224939 | ആകെ പ്രവൃത്തി മൂല്യം- 182100<br>(PAC-യിൽ ലിമിറ്റ് ചെയ്താൽ- 182100)<br>(+) ജി.എസ്.ടി- 32778<br>ആകെ-214878 | 10061 |

| | | | |
|---|---|---|---|
| M Book – EM Book<br>വൗച്ചർ നമ്പർ-XVFC/22-23/P/48/23.12.2022-224939<br>മൂല്യനിർണ്ണയം - 224939 | | | |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/11.12.23) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ തുക 10,061 രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 മണ്ണ് നീക്കം ചെയ്യുന്നതിന് അധിക നിരക്ക് നൽകി - കരാറുകാർക്ക് അധികം നൽകിയത് 24,495 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗ്/ടാറിംഗ് ചെയ്യുന്നതിന്റെയും പൈപ്പ് ഇടുന്നതിന്റെയും ഭാഗമായി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പ്രവൃത്തികളിൽ Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം (ശരാശരി 3 മീറ്റർ വീതി) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

1). താണിക്കൽ VIP കോളനി-ചോലക്കൽ റോഡ് നവീകരണം

പ്രവൃത്തിയിൽ ശരാശരി 1.80 മീറ്റർ വീതിയിലും, 44 മീറ്റർ നീളത്തിലും ശരാശരി 0.45 മീറ്റർ ആഴത്തിലും റോഡ് ലെവൽ ചെയ്യുന്നതിനു വേണ്ടി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ശേഷം ഇത്രയും ഭാഗം ക്വാറി മക്ക് ഫിൽ ചെയ്യുകയും കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ( റോഡിന് ശരാശരി 3 മീറ്റർ വീതിയുണ്ട്.) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രൊജക്റ്റ് | (S0124/23) |
| അടങ്കൽ/ ചെലവ് | 150000/ 149790 |
| കരാർ | 26/AE/LSGD/KDR/ 12.01.2023 |
| ടി എസ് | 62674/18.12.2022 (DsoR 2018) |
| Esti.No. | 62674/22-23 |
| BRN | 22151152015301264262/28.02.23<br>MG (R) |
| കരാറുകാരൻ | മൻസൂർ അലി.V |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% ) | 11493.50/-<br>(31.860 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% ) | 2053.37/-<br>( 31.860 $M^3$ * 64.45/$m^3$) |
| അധികം നൽകിയ തുക | 11,139/- (Ie, 9440.13+18% GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 11,139 രൂപ.

2). മങ്ങാട്ടുപുലം റിംഗ് റോഡ് നവീകരണം

പ്രവൃത്തിയിൽ ശരാശരി 1.20 മീറ്റർ വീതിയിലും, 149 മീറ്റർ നീളത്തിലും ശരാശരി 0.20 മീറ്റർ ആഴത്തിലും, റോഡ് ലെവൽ ചെയ്യുന്നതിനു വേണ്ടി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ശേഷം ഇത്രയും ഭാഗം ക്വാറി മക്ക് ഫിൽ ചെയ്യുകയും ടാറിംഗ് ചെയ്യുകയും ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം (എസ്റ്റിമേറ്റ് പ്രകാരം റോഡിൽ ശരാശരി 3 മീറ്റർ വീതിയിൽ ടാറിംഗ് ചെയ്യുന്നുണ്ട്) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | (S0145/23) |

| | |
|---|---|
| അടങ്കൽ/ ചെലവ് | 439662/ 439662 |
| കരാർ | 14/AE/LSGD/KDR/ 24.12.2022 |
| ടി എസ് | 20098/26.9.2022 (DsoR 2018) |
| Esti.No. | 20098/22-23 |
| BRN | 22151152015301264244/28.02.23-39662<br>MG (R)<br>22151152015301264244/28.02.23-4,00,000<br>(Plan-G) |
| കരാറുകാരൻ | K.ഷംസുദ്ധീൻ |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 396/$m^3$- Cost Index 36.44% )<br>(360.75/$m^3$- 9.7713% Tender Excess) | 13780.80/-<br>( 34.800 $M^3$ * 396/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 70.74/$m^3$- Cost Index 36.44% )<br>(64.45/$m^3$- 9.7713% Tender Excess) | 2461.75/-<br>( 34.800 $M^3$ * 70.74/$m^3$) |
| അധികം ന<br>ൽകിയ തുക | 13356/- (Ie, 11,319+18% GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 13356 രൂപ.

3). കാച്ചടിപറമ്പ് മദ്രസ്സ-കൂടിയതൊടി റോഡ് നവീകരണം

പ്രവൃത്തിയിൽ ശരാശരി 0.90 മീറ്റർ വീതിയിലും, 50.500 മീറ്റർ നീളത്തിലും ശരാശരി 0.30 മീറ്റർ ആഴത്തിലും, പൈപ്പ് ഇടുന്നതിന് വേണ്ടി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പൈപ്പ് ഇട്ടതിന് ശേഷം ഇത്രയും ഭാഗം ക്വാറി മക്ക് ഫിൽ ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം (എസ്റ്റിമേറ്റ് പ്രകാരം റോഡിൽ ശരാശരി 3 മീറ്റർ വീതിയിൽ ഇന്റർലോക്ക് വിരിക്കുന്നുണ്ട്) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രൊജക്ട് | (SO152/23) |
| അടങ്കൽ/ ചെലവ് | 3,00.000/ 2,99,792 |
| കരാർ | 32/AE/LSGD/KDR/ 19.01.2023 |
| ടി എസ് | 75905/1.12.2022 (DsoR 2018) |
| Esti.No. | 75905/21-22 |
| BRN | 22151152015301482061/25.03.23<br>MG (R) |
| കരാറുകാരൻ | അഫ്ലത്താബ് യോഗ്യൻ |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% ) | 4995.31/-<br>(13.847 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% ) | 892.43/-<br>( 13.847 $M^3$ * 64.45/$m^3$) |

| | |
|---|---|
| അധികം നൽകിയ തുക | 4841/- (Ie, 4102.88+18% GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 4841 രൂപ.

4). അറക്കൽ പടി പൊൻമാംകുണ്ട് റോഡ് നവീകരണം

പ്രവൃത്തിയിൽ ശരാശരി 0.90 മീറ്റർ വീതിയിലും, 77.500 മീറ്റർ നീളത്തിലും ശരാശരി 0.30 മീറ്റർ ആഴത്തിലും, പൈപ്പ് ഇടുന്നതിന് വേണ്ടി മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. പൈപ്പ് ഇട്ടതിന് ശേഷം ഇത്രയും ഭാഗം ക്വാറി മക്ക് ഫിൽ ചെയ്തിട്ടുണ്ട്. Dozer, Hydraulic Excavator എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം (എസ്റ്റിമേറ്റ് പ്രകാരം റോഡിൽ ശരാശരി 3 മീറ്റർ വീതിയിൽ ടാറിംഗ് ചെയ്യുന്നുണ്ട്) ഉള്ളതിനാൽ Dozer ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (MoRD Code 3.5.2) ആണ് അനുവദിനീയമായത്. മേൽ പ്രവൃത്തിയിൽ മാനവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (MoRD Code 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | (SO103/23) |
| അടങ്കൽ/ ചെലവ് | 396000/ 385701 |
| കരാർ | 36/AE/LSGD/KDR/ 23.01.2023 |
| ടി എസ് | 17475/01.12.2022 (DsoR 2018) |
| Esti.No. | 17475/21-22 |
| BRN | 22151152015301578040/31.03.23<br>MG (R) |
| കരാറുകാരൻ | PM. അബൂബക്കർ |
| M Book | EM Book |
| നൽകിയ തുക (MoRD Code 3.5.1 പ്രകാരം- @ 360.75/$m^3$- Cost Index 36.44% ) | 6745.30/-<br>(18.698 $M^3$ * 360.75/$m^3$) |
| നൽകാവുന്ന തുക (MoRD Code 3.5.2 പ്രകാരം- @ 64.45/$m^3$- Cost Index 36.44% ) | 1205.08/-<br>( 18.698 $M^3$ * 64.45/$m^3$) |
| അധികം ന<br>ൽകിയ തുക | 6537/- (Ie, 5540+18% GST) |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 6537 രൂപ.

പ്രവൃത്തികളിൽ ആകെ അധികം നൽകിയത് - 35873 രൂപ

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (13/12.12.23, 21/14.12.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 35873 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 കിളിയമണ്ണിൽ കനാൽ നിർമ്മാണം- അപാകത - കരാറുകാരന് അധികം നൽകിയ തുക - 7312 രൂപ - പ്രവൃത്തിയിലുണ്ടായ അനാവശ്യ ചെലവ് 55032 രൂപ

പ്രോജക്റ്റ് നമ്പർ - SO058/23

ഫണ്ട് -CFC - 400000

BR No.- XVFC/2022-23/P/37/24.9.22 - 399912

മൂല്യ നിർണ്ണയം - 399912 (GST ഉൾപ്പെടെ)

അളവ് പുസ്തകം- 203/20-21

കരാറുകാരൻ - മൻസൂർ അലി.V

കരാർ. AE/LSGD/KDR/72/21-22 Dtd.30.3.22

TS-90437/4.3.22

Cost Index - 36.44% (2018 MoRD)

അസി. എഞ്ചിനീയർ നിർവഹണം നടത്തിയ കിളിയമണ്ണിൽ കനാൽ നിർമ്മാണം എന്ന പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള മൺ കനാലിന്റെ ഡ്രൈനേജ് നിർമ്മാണത്തിന് 108.5 മീറ്റർ നീളത്തിലും 1.00 മീറ്റർ വീതിയിലും 20 Cm ആഴത്തിലും മണ്ണ് കിളച്ചെടുത്ത് ഇതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റിംഗ് (1:3:6 CC ( PCC)- MoRD

(OD) 11.4.1.1) ) 10 Cm കനത്തിൽ ചെയ്ത് അതിന് മുകളിലായി 10 Cm കനത്തിൽ വീണ്ടും ബെഡ് കോൺക്രീറ്റിംഗ് (( RCC)- MoRD 11.4.4) ) ഇരു വശത്തും ഫോം വർക്ക് (MoRD 11.4.2.1) ചെയ്യുകയും ചെയ്യുന്നു. (റോഡുമായി ബന്ധപ്പെട്ട് കിടക്കുന്ന കനാലാണിത്).

പ്രവൃത്തിയുടെ ഭാഗമായി അളവ് പുസ്തകം ഇനം 2 പ്രകാരം 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് (PCC) ചെയ്തതിന് 80037.63 (10.615 M3x7540.05/m3) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന് മുകളിലായി ഇനം 3 പ്രകാരം 10 Cm കനത്തിൽ വീണ്ടും കോൺക്രീറ്റിംഗ് ((RCC) MoRD 11.4.4) ചെയ്തിട്ടുണ്ട്. 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് (PCC) ചെയ്തതിന് മുകളിലായി MoRD OD 75.8.1.1.A (Wearing Coat) പ്രകാരമുള്ള കോൺക്രീറ്റിംഗ് ആണ് ചെയ്യേണ്ടത്. ഇതിന് പകരം RCCകോൺക്രീറ്റിംഗ് ചെയ്തത് ക്രമപ്രകാരമല്ല. മേൽ പ്രവൃത്തിയുടെ Second Phase (Project No. SO071/23) തൻ വർഷം തന്നെ ചെയ്തതിൽ 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റിംഗ് (PCC) ചെയ്തതിന് മുകളിലായി വിയറിംഗ് കോട്ടിനുള്ള ( MoRD OD 75.8.1.1.A)) കോൺക്രീറ്റിംഗ് ആണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം RCCകോൺക്രീറ്റിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല.

10 Cm കനത്തിൽ വിയറിംഗ് കോട്ടിന് (Concreting -( MoRD OD 75.8.1.1.A)) അനുവദിക്കാവുന്ന തുക – 10.615 M3 X 8027.65/m3 = 85213.50

10 Cm കനത്തിൽ കോൺക്രീറ്റിംഗിന് (( RCC)- MoRD 11.4.4) ) അനുവദിച്ച തുക - 10.615 M3x8642.72/m3) = 91742.47രൂപ

**കരാറുകാരന് അധികം അനുവദിച്ച തുക – 6528.97 + 12% GST = 7312**

2. നിലവിൽ ഭാരമേറിയ വാഹനങ്ങൾ കടന്നു പോകുന്ന കോൺക്രീറ്റ് റോഡിന് പോലും 15 Cm കനം മാത്രമാണ് നൽകി വരുന്നത് എന്നിരിക്കെ വെള്ളം മാത്രം ഒഴുകുന്ന ഡ്രൈനേജിന്റെ കോൺക്രീറ്റിംഗിന് വേണ്ടി 20 Cm കനം കൊടുത്തത് വഴി അനാവശ്യ ചെലവുണ്ടായി. വിയറിംഗ് കോട്ട് 5 Cm കനത്തിൽ നൽകിയിരുന്നെങ്കിൽ താഴെ പറയും പ്രകാരം അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

10 Cm കനത്തിൽ വീണ്ടും കോൺക്രീറ്റിംഗിന് (( RCC)- MoRD 11.4.4) ) അനുവദിച്ച തുക - 10.615 M3x8642.72/m3) = 91742.47രൂപ

വിയറിംഗ് കോട്ട് 5 Cm കനത്തിൽ ചെയ്യുകയാണെങ്കിൽ അനുവദിക്കാവുന്ന തുക

(10.615 M3 X 5cm/10cm = 5.3075 M3)

5.3075 M3 X 8027.65/m3 = 42606.75

അധികം – 91742.47 – 42606.75 = 49135.72 + 12% GST = 55032 രൂപ

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/13.12.23) , അപാകതകളിലെ ക്രമ നമ്പർ 1 ന് മറുപടി ലഭ്യമാക്കിയില്ല.

ക്രമ നമ്പർ 2 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

Environmental Exposure Condition നമ്മുടെ നാട്ടിൽ മോഡറേറ്റ് ആയാണ് കണക്കാക്കപ്പെടുന്നത്. IS Code 456-2000 Clause 6.1.2,8.2.4.1,9.1.2 Table 5 പ്രകാരം Moderate Exposure Condition ൽ ഉപയോഗിക്കേണ്ട മിനിമം Grade Of Concrete M15 (1:2:4 CC) ആകുന്നു. അതിനാൽ തന്നെ Full Open Air ആയി നിർമ്മിക്കുന്ന ഡ്രൈനേജിന്റെ Long Life Durabilty പരിഗണിക്കുമ്പോൾ കോൺക്രീറ്റ് മിക്സിന് വലിയ പ്രാധാന്യം നൽകേണ്ടതുണ്ട്. IS Code 456-2000 Clause 8.1.1 പ്രകാരം Environment, Cover To Embedded Steel, Type And Quality Of Constituent Meterial, Cement Concrete And Water Content Ratio തുടങ്ങിയവ പ്രവൃത്തിയുടെ Durability യെ സ്വാധീനിക്കുന്നുണ്ട്. അതിനാൽ Steel Reinforcement Provide ചെയ്യുന്ന കോൺക്രീറ്റ് വർക്കുകളിൽ അവയുടെ കവറിന് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്. 1:3:6 Bed Pcc കൊടുക്കുന്നതിന് മേലെ 5 Cm കനത്തിൽ Wearing Coat ആയി 1:2:4 Mix നൽകുമ്പോൾ സ്റ്റീലിന് മതിയായ കവറിംഗ് ലഭിക്കുകയില്ല. അതുപോലെ സ്റ്റീൽ നൽകുന്നത് 1:3:6 ൽ ആയാൽ ഭാവിയിൽ സ്റ്റീൽ തുരുമ്പെടുക്കാനും സ്ട്രക്ച്ചർ തകരാറിലാകാനും സാധ്യതയുണ്ട്. അതിനാൽ തന്നെ Bed PCC ക്ക് മുകളിലായി 10 Cm കനത്തിൽ M15 Grade Concrete ചെയ്യുമ്പോൾ സ്റ്റീലിന് മതിയായ കവറിംഗ് ലഭിക്കുകയും സ്ട്രക്ച്ചറിന് Long Durabilty കിട്ടുകയും ചെയ്യുന്നു. IS Code 456-2000 Clause 8.2.3.1 പ്രകാരം കോൺക്രീറ്റിംഗിനുള്ളിലെ സ്റ്റീലിന്റെ ഉറപ്പ് നിർണ്ണയിക്കുന്നതിൽ ഗുണനിലവാരമുള്ള കോൺക്രീറ്റിംഗിന്റെ Thickness ആണ് മുഖ്യ പങ്ക് വഹിക്കുന്നത്. എന്നാൽ Moderate Exposure Condition ൽ ഉപയോഗിക്കേണ്ട മിനിമം Grade Of Concrete M15 ലും കുറഞ്ഞ Lean Mix ഉപയോഗിച്ച് ചെയ്ത പല സ്ട്രക്ച്ചറുകളും കുറച്ച് കാലം കഴിഞ്ഞ് കേടുവന്നിട്ടുണ്ട്. 10 Cm കനത്തിൽ മേൽ പ്രവൃത്തിയിൽ 1:2:4 CC നൽകിയത് തീർത്തും Economical ആണ്.

എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല.

1. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്ത ശേഷമാണ് തൻവർഷത്തിൽ തന്നെ നിർവഹിച്ച താഴെ പറയുന്ന പ്രവൃത്തികൾക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തികളിൽ ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റിംഗിനു മുകളിലായി ചെയ്ത വിയറിംഗ് കോട്ടിന് (1:2:4 CC) 5 Cm കനം മാത്രമാണ് നൽകിയിട്ടുള്ളത്.

| പ്രോജക്ട് | പ്രവൃത്തി | സാങ്കേതിക അനുമതി | ചെലവ് |
|---|---|---|---|
| 01/23 | **ചോലക്കൽ റോഡ് ഡ്രൈനേജ്**<br>**(CFC)** | 60942/28.11.2022 | 435824<br>(Vr.No.XVFC/22-23/P/90/16.3.23) |
| 02/23 | **വരിക്കോട് പള്ളിപ്പടി കാലൻ പറമ്പ് പയങ്ങര റോഡ് ഡ്രൈനേജ്**<br>**(CFC)** | 42805/28.10.2022 | 347325<br>(Vr.No.XVFC/22-23/P/71/03.3.23) |

**2.** ഡ്രൈനേജ് പ്രവൃത്തികളിൽ Bed PCC ക്ക് മുകളിലായി 10 Cm കനത്തിൽ M15 Grade Concrete ചെയ്യണമെന്ന് നിർദേശിച്ച് കൊണ്ട് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥ തലത്തിൽ നിന്നും യാതൊരുവിധ ഉത്തരവുകൾ/സർക്കുലറുകൾ നൽകിയിട്ടില്ല.

3. ഒരേ ഉദ്യോഗസ്ഥർ തന്നെയാണ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 3 പ്രവൃത്തികൾക്കു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും

സാങ്കേതികാനുമതി നൽകിയിട്ടുള്ളതും.

പ്രവൃത്തിയിൽ അധികം നൽകിയ 7312 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കൂടാതെ വിയറിംഗ് കോട്ടിന് അധിക കനം നൽകിയതിനുള്ള മറുപടി മേൽ കാരണങ്ങളാൽ അംഗീകരിക്കുന്നില്ല. ഈയിനത്തിലെ അധിക ചെലവ് **55032 രൂപ** തടസ്സം ചെയ്യുന്നു.

### 3-4 പുതിയ PHC കെട്ടിടത്തിന് സംരക്ഷണം –പ്രവൃത്തി അപാകത – കരാറുകാരന് അധികം നൽകിയത് 4484 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുതിയ PHC കെട്ടിടത്തിന് സംരക്ഷണം **(SO087/23)** എന്ന പ്രവൃത്തിയുടെ അധിക ഇനം 1 പ്രകാരം ഹാർഡ് റോക്ക് കുഴിച്ചെടുത്തതിന് MoRD സ്പെസിഫിക്കേഷൻ കോഡ് 3.9.2.B പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. പ്രവൃത്തിക്ക് വേണ്ടി DSR പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ Hard Rock എസ്കവേറ്റ് ചെയ്ത് നീക്കം ചെയ്യുന്നതിന് അധിക ഇനം 1 ആയി ഉൾപ്പെടുത്തിയിട്ടുള്ളത് MoRD സ്പെസിഫിക്കേഷൻ കോഡ് 3.9.2.B പ്രകാരമുള്ള നിരക്കാണ്. തെറ്റായ കോഡ് അനുവദിച്ചത് കാരണം പ്രവൃത്തിയിൽ താഴെ പറയും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രവൃത്തി സ്ഥലത്ത് Hard Rock എസ്കവേറ്റ് ചെയ്ത് നീക്കം ചെയ്യേണ്ടി വന്നതിനാലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അധിക ഇനം ഉൾപ്പെടുത്തിയിട്ടുള്ളത്. DSR സ്പെസിഫിക്കേഷൻ പ്രകാരം ഈ ഇനത്തിന് അനുവദിക്കാവുന്നത് DSR Code 2.7.3 പ്രകാരമുള്ള നിരക്കാണ്. ( ഫൗണ്ടേഷൻ 20 Cm കനത്തിലും Road Portion 75 Cm കനത്തിലുമാണ് Hard Rock നീക്കം ചെയ്തിട്ടുള്ളത്.)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12% GST അടക്കം) |
|---|---|---|---|---|
| **പുതിയ PHC കെട്ടിടത്തിന് സംരക്ഷണം (SO087/23)**<br>BRN-22151152015300424734/17.8.2022 തുക 349309<br>മൂല്യനിർണ്ണയം -349309<br>ഫണ്ട് - MG(NR)<br>സാങ്കേതികാനുമതി 14572/27.07.2021-450000<br>കരാർ 11/24.8.2021<br>കോൺട്രാക്ടർ. ശ്രീ.ജംഷീർ.OK<br>അളവ് പുസ്തകം 64/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016) | 9.635$m^3$ | 11829.95<br>**@1227.81/$m^3$** | 7826.51<br>@812.30/$m^3$ | 4484<br>(4003.44+12% GST) |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/12-12-2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ 4484 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതിക അനുമതി നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1050000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം.106/23) | 1050000 | 0 |
| | 50000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി(80/23) | 50000 | 0 |
| | 110000 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(93/23) | 110000 | 0 |
| | 1190847 | ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ)-121/23 | 1190847 | 0 |

| | | | | |
|---|---|---|---|---|
| | 1500000 | ലൈഫ് മിഷൻ ഭവന പദ്ധതി(എസ്.സി)-134/23 | 1500000 | 0 |
| | 50000 | ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം(131/23) | 50000 | 0 |
| | 36286 | പാലിന് സബ്സിഡി(143/23) | 36286 | 0 |
| ജില്ലാപഞ്ചായത്ത് | 350000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(2/22) | 350000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കൊങ്കയം കുടിവെള്ള പദ്ധതിക്ക് പമ്പ് സെറ്റ് സ്ഥാപിക്കൽ (38/23) | 22200181/06.06.2022 | 597712 | 597712 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1354942 |
| തൻവർഷം നിക്ഷേപിച്ച തുക +( പലിശ) | 1594846 |
| ആകെ | 2949788 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2949788 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്.1378(FD ST/010813 ) | 1449788/- | FDST/010813 |
| SBI മലപ്പുറം | 1500000 | 41145471403/25-07-22 |

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച29772/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1998-99 | 3(7) | 1050 | രാജേന്ദ്രൻ പിള്ളൈ,ക്ലർക്ക് | 1220101647/27-07-22 |
| 2020-21 | 1-12(1) | 3720 | ഹെഡ്മാസ്റ്റർ അൽ ഹുദാ ഹൈസ്കൂൾ,വട്ടപ്പറമ്പ് | 1220101792/06-08-22 |
| 2020-21 | 1-12(2) | 3710 | പ്രിൻസിപ്പാൾ | 1220101869/17-08-22 |
| 2020-21 | 1-15 | 2998 | ജംഷിദ് ഒ.കെ PWD കോൺട്രാക്ടർ | 1220102086/06-09-22 |
| 2020-21 | 1-15 | 5200 | ജംഷിദ് ഒ.കെ PWD കോൺട്രാക്ടർ | 1220102087/06-09-22 |
| 2020-21 | 1-15 | 12844 | അബ്ദുറഹ്മാൻ സാദിഖ് PWD കോൺട്രാക്ടർ | 1220102088/06-09-22 |
| 2020-21 | 1-12(3) | 250 | ശ്രീമതി ചന്ദ്രമതി വി | 1220101553/22-07-22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത

റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2005-06 | 3(7) | 2008-09 | -- | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് തുക തിരികെ ലഭിച്ചില്ല |
| | | 2012-2013 | | പ്രവർത്തന ക്ഷമതാ റിപ്പോർട്ട്- തൊഴിലുറപ്പ് പദ്ധതി |
| 2014-2015 | 2-3 | 2016-2017 | -- | -- |
| 2019-2020 | 1-22<br>1-23<br>1-24 | 2020-2021 | 2(3) | അനുബന്ധം മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1997-98 | 3-2, 3-3, | ശ്രീ.ഒ.ഉണ്ണികൃഷ്ണൻ | LF 21822/Spl.Cell /SC5/03 Dt. 24.07.2014 | 2247/- | സെക്രട്ടറിയുടെ 05-6-2012ലെ എ1/201/2007 കത്ത് ശ്രീ. ഒ.ഉണ്ണികൃഷ്ണൻ മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 20,960,417 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,52,47,745 |
| ആകെ | 12,62,08,162 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,15,89,330 |
| നീക്കിയിരിപ്പ് | 34,618,832 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46352 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50,17,817 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10061 | ശ്രീമതി. ഗാർഗ്ഗി.എസ്, അസി. എഞ്ചിനീയർ |
| 3-2 | 24495 | ശ്രീമതി. ഗാർഗ്ഗി.എസ്, അസി. എഞ്ചിനീയർ<br>ശ്രീമതി. നീന.എൽ, അസി.എക്സി. എഞ്ചിനീയർ |
| 3-3 | 7312 | ശ്രീ. ബാബു.പി.ടി, അസി. എഞ്ചിനീയർ<br>ശ്രീമതി. നീന.എൽ, അസി.എക്സി. എഞ്ചിനീയർ |
| 3-4 | 4484 | ശ്രീമതി. ഗാർഗ്ഗി.എസ്, അസി. എഞ്ചിനീയർ<br>ശ്രീമതി. നീന.എൽ, അസി.എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,15,600 | ശ്രീമതി.ബിന്ദു.വി.ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 3,15,000 | ശ്രീമതി.ആതിര കെ വി ,കൃഷി ഓഫീസർ |
| 1-21 | 2,40,000 | ശ്രീമതി.ആതിര കെ വി ,കൃഷി ഓഫീസർ |
| 1-22 | 31,500 | ശ്രീ.വൈശാഖൻ.എം.,കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-23 | 5,50,000 | 4,50,000 ശ്രീ. ശ്രീരാജ് .ആർ , വി.ഇ.ഒ<br>1,00,000 ശ്രീ. ഫയ്യാസ്.കെ , വി.ഇ.ഒ |
| 1-24 | 7,62,880 | 7,49,917 ശ്രീ. ശ്രീരാജ് .ആർ , വി.ഇ.ഒ<br>12,963 ശ്രീ. ഫയ്യാസ്.കെ , വി.ഇ.ഒ |
| 1-25 | 70,000 | ശ്രീമതി.ബിന്ദു.വി.ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 33,226 | ശ്രീമതി.ബിന്ദു.വി.ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 9,263 | ശ്രീ. ഫയ്യാസ്.കെ , വി.ഇ.ഒ |
| 1-30 | 2,50,000 | ശ്രീ. ശ്രീരാജ് .ആർ , വി.ഇ.ഒ |
| 1-31 | 10,18,200 | 800400- ഡോ.ഇന്ദു.കെ,വെറ്ററിനറി സർജൻ<br>217800- ഡോ. അസ്ലിൻ മൈക്കിൾ, വെറ്ററിനറി സർജൻ |
| 1-32 | 1,00,000 | ശ്രീമതി.ബിന്ദു.വി.ആർ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-35 | 55,032 | ശ്രീ. ബാബു.പി.ടി, അസി. എഞ്ചിനീയർ |
| 1-36 | 48,660 | ശ്രീ. ബാബു.പി.ടി, അസി. എഞ്ചിനീയർ |
| 1-40 | 10,00,000 | അബ്ദുൾ ലത്തീഫ് ,ഹെഡ്മാസ്റ്റർ |
| 1-42 | 4,18,456 | ശ്രീമതി.ബിന്ദു.വി.ആർ, സെക്രട്ടറി |
| | 50,17,817 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിര മേൽവിലാസം |
|---|---|---|
| ശ്രീമതി. ഗാർഗ്ഗി.എസ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കോഡൂർ ഗ്രാമ പഞ്ചായത്ത് | ചെമ്പകശ്ശേരി ഹൗസ്, പെരുമ്പഴി (പി.ഒ) കൊല്ലം-676504 |
| ശ്രീ. ബാബു.പി.ടി, അസി. എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, മലപ്പുറം നഗരസഭ | പറത്തിക്കാട്ടിൽ ഹൗസ്, തലയോലപ്പറമ്പ് പി.ഒ, പിൻ-686605, കോട്ടയം ജില്ല |
| ശ്രീമതി. നീന.എൽ, അസി.എക്സി. എഞ്ചിനീയർ | അസി.എക്സി. എഞ്ചിനീയർ മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് | നിള ഹൗസ് അമ്പാടി നഗർ H.No-13A വലമ്പൂർ (പി.ഒ) മലപ്പുറം -679325 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89<br>1989-90,1990-91 | കെ.എസ്.എ.എം.പി.എം 27/1695/17 തി.18.01.2018 | 2 |
| 1996-97 | കെ.എസ്.എ.എം.പി.എം 27/2824 /2022(3)തി. 25.05.2023 | 4 |
| 1997-98 | കെ.എസ്.എ.എം.പി.എം 27/2824 /2022(4)തി. 25.05.2023 | 2 |

| | | |
|---|---|---|
| 1998-99 | കെ.എസ്.എ.എം.പി.എം 27/2824 /2022(5)തി. 25.05.2023 | 2 |
| 1999-00 | കെ.എസ്.എ.എം.പി.എം 27/2123/22 തി. 13.10.2022 | 3 |
| 2000-01 | കെ.എസ്.എ.എം.പി.എം 27/2123/22(1) തി. 13.10.2022 | 12 |
| 2001-02 | കെ.എസ്.എ.എം.പി.എം 27/2123/22 (2)തി. 13.10.2022 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം 27/2123/22(3) തി. 13.10.2022 | 3 |
| 2004-05 | കെ.എസ്.എ.എം.പി.എം 27/2123/22 (4)തി. 13.10.2022 | 1 |
| 2005-06 | കെ.എസ്.എ.എം.പി.എം 27/2123/22 (5)തി. 13.10.2022 | 6 |
| 2006-07 | കെ.എസ്.എ.എം.പി.എം 27/2123/22 (6)തി. 13.10.2022 | 4 |
| 2007-08 | എൽ എഫ് എം12/731/11 തി.8.6.2011 | 24 |
| 2008-09 | കെ.എസ്.എ.എം.പി.എം 27/2123/22 (7)തി. 13.10.2022 | 7 |
| 2009-10 | കെ.എസ്.എ.എം.പി.എം 27/2123/22 (8)തി. 13.10.2022 | 2 |
| 2010-11 | കെ.എസ്.എ.എം.പി.എം 27/2123/22 (9)തി. 13.10.2022 | 2 |
| 2011-12 | കെ.എസ്.എ.എം.പി.എം 27/2123/22 (11)തി. 13.10.2022 | 3 |
| 2012-13 | കെ.എസ്.എ.എം.പി.എം 27/2123/22 (10)തി. 13.10.2022 | 2 |
| 2013-14,2014-15 | കെ എസ് എ എം പി എം27/2096/16 തി.01.01.2018 | 8 |
| 2015-16 | കെ എസ് എ എം പി എം 27/3/17 തി.15.02.2018 | 9 |
| 2016-17 | കെ.എസ്.എ.എം.പി.എം 27/1566/17 തി.08.05.2018 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം 27/606/19 തി.16.9.22 | 7 |
| 2018-19 | കെ.എസ്.എ.എം.പി.എം 27/926/2020 തി.11-12-20 | 9 |
| 2019-20 | കെ.എസ്.എ.എം.പി.എം 27/591 /2021തി.17-11-21 | 22 |
| 2020-21 | കെ.എസ്.എ.എം.പി.എം 27/1410 /22തി.23-11-22 | 15 |
| 2021-22 | കെ.എസ്.എ.എം.പി.എം 27/591 /2023തി.05-09-23 | 16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.12/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 11(1) dated 27-06-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kodur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kodur Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kodur Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1)Asset Register is not uptodated.
2)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios
ii. Comparative amounts)
3)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4) Expenditure not recorded in corresponding account head(eg-The advance payment given to KWA for deposit work were not booked in the Advance head ,The amount given to part bill work is not recorded as capital work in progress in B-11(b) Shedule of balance sheet,Total revenue Expenditure of MGNREGS not recorded in I-14(c) Shedule of Income and Expenditure Statement).

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്